കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പുന്നയൂർ ഗ്രാമപഞ്ചായത്ത്

2016-17

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി8)1714/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680 020
ഫോൺ : 0487 2331249
e-mail : dotsr.ksad@kerala.gov.in
തീയതി : 29.11.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പുന്നയൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പുന്നയൂർ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുന്നയൂർ ഗ്രാമപഞ്ചായത്തിന്റെ 2016 -17സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1, 2-7 ഭാഗം 3ലെ 3-4, 3-22, 3-26, 3-42 എന്നീ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി8)1714/2017 തീയ്യതി: 29.11.2017

തൃശ്ശൂർ ജില്ലയിലെ പുന്നയൂർ ഗ്രാമപഞ്ചായത്തിന്റെ 2016 -17
സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പുന്നയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 26.11.16 മുതൽ 31.3.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2016- 17 വർഷത്തിൽ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ചേക്കുട്ടി. കെ.യു. ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 25.10.2017 മുതൽ 01.11.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | സതീശൻ.എൻ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ഷൈനി കൃഷ്ണദാസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ലിഷ .കെ.വി | അസിസ്റ്റന്റ് |

| | | |
|---|---|---|
| | | ഓഡിറ്റ് ഓഫീസർ |
| | ഷാജിത | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡണ്ട്

| | |
|---|---|
| ശ്രീമതി.നഫീസക്കുട്ടി വലിയകത്ത് | 01/04/2016 മുതൽ 31-3-17 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.കെ.രവീന്ദ്രൻ | 1-4-16 മുതൽ 26-4-16വരെ |
| സെക്രട്ടറി ഇൻ ചാർജ്ജ് -സയിദാബീഗം (അസി.സെക്രട്ടറി) | 27-4-16 മുതൽ 16-5-16 വരെ |
| ശ്രീ.കെ.രവീന്ദ്രൻ | 17-5-16 മുതൽ 30-6-16 വരെ |
| സെക്രട്ടറി ഇൻ ചാർജ്ജ് -സയിദാബീഗം (അസി.സെക്രട്ടറി) | 1-7-16 മുതൽ 30-12-16 വരെ |
| ബിന്ദു .ആർ (സെക്രട്ടറി) | 31-12-16 മുതൽ 12-2-17 വരെ |
| സെക്രട്ടറി ഇൻ ചാർജ്ജ് -സയിദാബീഗം (അസി.സെക്രട്ടറി) | 13-2-17 മുതൽ 31-3-17 വരെ |

നിർവ്വഹണോദ്യോഗസ്ഥർ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | സയിദാബീഗം | 1.4.16 മുതൽ 31.3.17 വരെ |
| അസി.എഞ്ചിനീയർ | നിഖിൽരാജ് സി.എൻ | 1.4.16 മുതൽ 31.03.17 വരെ |
| കൃഷി ഓഫീസർ | ആർ പുരുഷോത്തമൻ | 1.4.16 മുതൽ 5.10.16 വരെ |

| | | |
|---|---|---|
| | അനിൽ കുമാർ.എസ്.ജി | 6.10.16 മുതൽ 12.3.17 വരെ |
| | പ്രതീഷ് വി.എസ് | 13.3.17 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ(പി എച്ച് സി) | ഡോ.നിത ടി.ജി | 01.04.16 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ.ചാന്ദ്നി കെ.ബി | 01.04.16 മുതൽ 31.03.17 വരെ |
| വെറ്ററിനറി സർജൻ | ഡോ.സഹീർ അബ്ദു | 01.04.16 മുതൽ 31.03.17 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | നിത ജോർജ് | 01.04.16 മുതൽ 31.03.17 വരെ |
| ഹെഡ്മിസ്ട്രസ് | ലിസ്സി. ടി.വി. | 01.04.16 മുതൽ 31.03.17 വരെ |
| വി ഇ ഒ (എടക്കഴിയൂർ സർക്കിൾ) | ശശിധരൻ ഇ.ബി. | 01.04.16 മുതൽ 31.03.17 വരെ |
| വി ഇ ഒ (പുന്നയൂർ സർക്കിൾ) | ദീപക്. സി.ആർ. | 01.04.16 മുതൽ 31.03.17 വരെ |

<u>ഉള്ളടക്കം</u>


| | ഭാഗം 1 | |
|---|---|---|
| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
| 1 | ബജറ്റ് | 1–1 |
| 2 | വാർഷിക ധനകാര്യപത്രിക | 1–2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം. | 1–3 |
| 4 | സാമ്പത്തിക വിശകലനം | 1–4 |
| 5 | ഫണ്ട് വിനിയോഗം | 1–5 |
| 6 | പദ്ധതി അവലോകനം | 1–6 |
| 7 | തനത് വരുമാനം | 1–7 |
| 8 | ക്ഷേമപദ്ധതികൾ | 1–8 |

| | | |
|---|---|---|
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| ഭാഗം 2 | | |
| 12 | ജനറൽ പർപ്പസ് ഗ്രാന്റ് -യഥാസമയം ട്രഷറിയിൽ ബിൽ സമർപ്പിക്കാത്തതിനാൽ 5 ഗഡുക്കൾ നഷ്ടപ്പെടുത്തി | 2-1 |
| 13 | 2016-17 വർഷത്തിൽ അനുവദിച്ച ബിൽഡിംഗ് പെർമിറ്റുകൾ-റഗുലറൈസ് ചെയ്ത കേസുകളിൽ പെർമിറ്റ് ഫീ ഈടാക്കിയില്ല | 2-2 |
| 14 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. | 2-3 |
| 15 | ഡി&ഒ ലൈസൻസ്-മതിയായ രേഖകളുടെ അഭാവത്തിലും ലൈസൻസ് അനുവദിച്ചു | 2-4 |
| 16 | വ്യക്തികളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-5 |
| 17 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-6 |
| 18 | ഗ്രാമപഞ്ചായത്ത് പരിധിയിൽ പെർമിറ്റില്ലാതെയും വസ്തുനികുതി അടവാക്കാതെയും മൊബൈൽ ടവറുകൾ പ്രവർത്തിച്ചു വരുന്നു | 2-7 |
| 19 | 2016-17 വർഷം ഡി&ഒ ലൈസൻസ് അനുവദിച്ച /പുതുക്കി നൽകിയ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 2-8 |
| 20 | നഞ്ചഭൂമിയിലെ കെട്ടിടനിർമ്മാണം -രേഖകൾ ലഭ്യമാക്കിയിട്ടില്ല | 2-9 |
| 21 | ലേലം വരവ് ഫയൽ ഹാജരാക്കിയില്ല | 2-10 |
| ഭാഗം 3 | | |
| 22 | 2016-17 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്ത് ലാപ്സാക്കിയത് 20992125/- | 3-1 |
| 23 | പൊതുമരാമത്ത് മേഖലയിലെ പദ്ധതി നിർവ്വഹണം | 3-2 |
| 24 | വി.ഇ.ഒ നിർവ്വഹണം നടത്തിയ പദ്ധതികൾ- പ്രൊജക്ടുകളുടെ ചെലവു രേഖകൾ ഹാജരാക്കിയില്ല | 3-3 |
| 25 | മെഡിക്കൽ അഡ്വാൻസായി അനുവദിച്ച തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല | 3-4 |
| 26 | സാക്ഷരതാ പ്രേരക് മാർക്ക് ഫെസ്റ്റിവൽ അലവൻസ്- രണ്ടുതവണ അനുവദിച്ചു | 3-5 |
| 27 | അങ്കണവാടിക്ക് സൗജന്യമായി ലഭ്യമായ സ്ഥലം-തുടർനടപടികൾ ഏറ്റെടുത്തിട്ടില്ല. | 3-6 |
| 28 | നിർമ്മൽ പുരസ്കാരതുക നാളിതുവരെ ചെലവഴിച്ചിട്ടില്ല | 3-7 |
| 29 | ഇടപാടുകളില്ലാത്ത അക്കൗണ്ടിൽ വൻ തുക നീക്കിയിരിപ്പ്. | 3-8 |
| 30 | പൊതുടാപ്പുകളുടെ സംയുക്തപരിശോധന നാളിതുവരെ നടത്തിയിട്ടില്ല | 3-9 |
| 31 | കുടിവെള്ളപദ്ധതികൾ സംബന്ധിച്ച കൃത്യമായ കണക്കുകൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല | 3-10 |
| 32 | ലൈബ്രറിസെസ് അടവാക്കിയില്ല | 3-11 |
| 33 | പെൻഷൻ കോൺട്രിബ്യൂഷൻ ഈടാക്കിയിട്ടില്ല | 3-12 |

| | | |
|---|---|---|
| 34 | പുന്നയൂർ പി.എച്ച്.സി യിലേക്ക് ഉപകരണങ്ങൾ | 3-13 |
| 35 | എസ്.എസ്.എ വിഹിതം നൽകൽ- രേഖകൾ ഹാജരാക്കിയില്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-14 |
| 36 | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് പഠനോപകരണങ്ങൾ | 3-15 |
| 37 | പട്ടികജാതി വിദ്യാർത്ഥി - വിദ്യാർത്ഥിനികൾക്ക് സൈക്കിൾ വിതരണം | 3-16 |
| 38 | ലാപ് ടോപ്പ് വിതരണം - അപാകതകൾ | 3-17 |
| 39 | പ്രീ പ്രൈമറി സ്കൂളിലേക്ക് ഫർണ്ണിച്ചർ - ആവശ്യകത നിർണ്ണയിക്കാതെ വാങ്ങിയതുമൂലം സ്കൂളുകൾ കൈപ്പറ്റിയില്ല. | 3-18 |
| 40 | സ്കൂളുകൾക്ക് വേണ്ടി ഫർണ്ണിച്ചർ | 3-19 |
| 41 | സ്കൂളുകൾക്ക് വാട്ടർ ഫിൽട്ടർ, മൈക്ക് സെറ്റ്, മിക്സർ ഗ്രൈന്റർ - പദ്ധതി നടത്തിപ്പുകളിലെ അപാകതകൾ | 3-20 |
| 42 | തുല്യത പഠനം- രേഖകൾ ഹാജരാക്കിയിട്ടില്ല. | 3-21 |
| 43 | പ്രവർത്തനമാരംഭിച്ചിട്ടില്ലാത്ത പകൽവീടിനുവേണ്ടി ഉപകരണങ്ങൾ വാങ്ങി സൂക്ഷിച്ചിരിക്കുന്നു. | 3-22 |
| 44 | പി.എച്ച്.സി യിലേക്കും ജീവിതശൈലി രോഗങ്ങൾക്കും മരുന്ന് വാങ്ങൽ - അപാകതകൾ | 3-23 |
| 45 | ഭവന പുനരുദ്ധാരണം (എസ്.സി.പി) - അപാകതകൾ | 3-24 |
| 46 | അങ്കണവാടി കെട്ടിടനിർമ്മാണം-പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല | 3-25 |
| 47 | ടാങ്കർ ലോറി കുടിവെള്ളവിതരണം-അപാകതകൾ | 3-26 |
| 48 | പരിരക്ഷ -പെയിൻ ആന്റ് പാലിയേറ്റീവ് | 3-27 |
| 49 | ആശ്രയ -അക്കൗണ്ടിൽ നീക്കിയിരുപ്പുള്ള തുകയെ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല. | 3-28 |
| 50 | കമ്പോസ്റ്റ് പിറ്റ് നിർമ്മാണം -കോസ്റ്റ് ഫോർഡ് നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 3-29 |
| 51 | കുടിവെള്ള പദ്ധതികൾ - ലക്ഷ്യം കൈവരിച്ചിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു. | 3-30 |
| 52 | മരാമത്ത് പ്രവൃത്തികൾക്ക് ബിറ്റുമിൻ വാങ്ങി നൽകൽ - അപാകതകൾ. | 3-31 |
| 53 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് നാളിതുവരെ ലഭ്യമായിട്ടില്ല. | 3-32 |
| 54 | സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം- അപാകതകൾ . | 3-33 |
| 55 | പ്രത്യേക കന്നുകുട്ടിപരിപാലന പദ്ധതി-പദ്ധതിയിൽ നിന്നും ഒഴിവായ ഗുണഭോക്താക്കളുടെ വിഹിതം തിരികെ ഈടാക്കേണ്ടതാണ്. | 3-34 |
| 56 | എസ്.സി വനിതാ/മിനി വ്യവസായകേന്ദ്രം-പ്രവർത്തനം ആരംഭിച്ചിട്ടില്ല | 3-35 |
| 57 | കുരഞ്ഞിയൂർ ശ്മശാനത്തിന്റെ അറ്റകുറ്റപണികൾ-പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ല | 3-36 |

| | | |
|---|---|---|
| 58 | വിവിധ പ്രൊജക്കുകളുടെ നിർവ്വഹണത്തിന് തുക കൈമാറി-വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമായില്ല | 3-37 |
| 59 | തെരുവു വിളക്ക് റിപ്പയർ-രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. | 3-38 |
| 60 | റോഡ് മെറ്റലിംഗ് ടാറിംഗ്, പഞ്ചായത്ത് ഓഫീസ് നവീകരണം - തുടർ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. | 3-39 |
| 61 | പി.എച്ച്.സി യുടെ അറ്റകുറ്റ പണി- അപാകതകൾ | 3-40 |
| 62 | ഇ-ടെണ്ടറുകളിൽ ആരും പങ്കെടുത്തില്ല. | 3-41 |
| 63 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-മെറ്റീരിയൽ പർച്ചേസ്-നിയമാനുസൃത നികുതികൾ ഈടാക്കിയില്ല | 3-42 |
| ഭാഗം 4 | | |
| 64 | സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 65 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 66 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 67 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 68 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 69 | ഓഡിറ്റ് റിക്കവറി | 4-6 |
| 70 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 71 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 72 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 73 | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 4-.03.2016ലെ 1-ാം നമ്പർ കമ്മിറ്റി തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 277077591 രൂപയും ചെലവ് 275117000 രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 4.08.17 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

2016-17 വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ജനറൽ പർപ്പസ് ഗ്രാന്റ് 7 ഗഡുക്കൾ മാത്രമാണ് സ്പെഷൽ ടി.എസ്.ബി അക്കൗണ്ടിൽ വരവ് വെച്ചിരിക്കുന്നത്. എന്നാൽ റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം 12 ഗഡുക്കളും വരവ് വെച്ചിരിക്കുന്നു.

2. സുലേഖ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്, ലോൺ രജിസ്റ്റർ എന്നിവ പ്രകാരം തൻവർഷം ഇ.എം.എസ് ലോൺ തിരിച്ചടവ് 1787050 രൂപ കാണിച്ചിട്ടുണ്ട്. ലോൺ പാസ്സ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രജിസ്റ്റർ പ്രകാരമുള്ള വായ്പ നീക്കിയിരിപ്പ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

3. NREGS – ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവ് തുകകൾ ( ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

4.ക്ഷേമപെൻഷനുകൾ- (I–6 പ്രകാരം) 31.3.17 ലെ സ്റ്റേറ്റ്മെന്റ് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലെ തുകകളുടെ ആധികാരികത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

5. ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല. Abstract തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

6.ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ (beneficiary contribution) പ്രകാരം 53566 രൂപ നീക്കിയിരിപ്പുണ്ട്. ഇതിൽ 51151 രൂപയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

7. തൊഴിൽ രഹിത വേതനം, വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം -വരവ് ചെലവ് കണക്കുകൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

8. വസ്തു നികുതി ഡി.സി.ബി വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. 2015-16 ലെ ബാലൻസ് ഷീറ്റ് പ്രകാരം കുടിശ്ശികയായി കാണിച്ചിരിക്കുന്ന തുകയല്ല തൻവർഷം കുടിശ്ശിക ഡിമാന്റായി കാണിച്ചിരിക്കുന്നത്.

9. നാളിതുവരെയുള്ള ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

10.ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷത്തിൽ നടത്തിയ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് ഒരു സ്റ്റോക്ക് റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

11. തൊഴിൽ നികുതി ഇനത്തിൽ ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂൾ പ്രകാരം 8080 രൂപ അഡ്വാൻസ് കളക്ഷൻ ഉണ്ട് . വരവ് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. തൊഴിൽ നികുതി ഡി.സി.ബി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

12. ഡി ആന്റ് ഒ ലൈസൻസ്, തൊഴിൽ നികുതി, വസ്തുനികുതി, ബിൽഡിംഗ് പെർമിറ്റ് എന്നിവ ഒഴികെയുള്ള വരവിനങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.
2016-17 ലെ ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളിലെ ഇൻകം&എക്സ്പെന്റീച്ചർ പത്രിക, രസീറ്റ്&പേയ്മെന്റ് പത്രിക, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 19198842.23 |
| വരവ് | 52441973.23 |
| ആകെ | 71640815.23 |
| ചെലവ് | 46105194.23 |
| നീക്കിയിരിപ്പ് | 25535621.23 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 17391453 | 17391453 | 13081492 | 4309961 | 75 |
| വികസനഫണ്ട് എസ്.സി.പി. | 0 | 5764677 | 5764677 | 4013065 | 1751612 | 70 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 50424 | 50424 | 0 | 50424 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 5240550 | 5240550 | 1415514 | 3825036 | 27 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5667810 | 5667810 | 2589300 | 3078510 | 46 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8716354 | 8716354 | 5156359 | 3559995 | 59 |
| ലോക ബാങ്ക് ധനസഹായം | 0 | 5624027 | 5624027 | 1207440 | 4416587 | 21 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 172 | 73913094 | 107 | 33665938 | 0 | 65 | 62 |

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)(-) |
|---|---|---|---|---|
| നികുതി വരവുകൾ | 11892450 | 4540934 | 7351516 | (-)61.82 |

| | | | | |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 884626 | 1069032 | 184406 | (+)20.84 |
| മറ്റുവരവുകൾ | 207010 | 248807 | (-)41797 | 20.19 |
| ആകെ | 12984086 | 5858773 | 7125313 | 54.87 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 106560 | 83 |
| കർഷകതൊഴിലാളി പെൻഷൻ | 2523830 | 230 |
| വിധവാപെൻഷൻ | 14185690 | 1148 |
| വാർദ്ധക്യകാലപെൻഷൻ | 14034580 | 1148 |
| വികലാംഗപെൻഷൻ | 3083190 | 277 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 388760 | 34 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 780000 | 26 |

# 1-9 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30/10/2017ന് സ്ഥാപനത്തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 36865 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതായ പ്രധാനപ്പെട്ട രജിസ്റ്ററുകളായ ആസ്തി രജിസ്റ്റർ , ഇൻക്യുമ്പൻസി രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവ കൃത്യതയോടെ സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററുകളുടെ സൂക്ഷിപ്പിൽ കണ്ടെത്തിയ ചില അപാകതകൾ ചുവടെ ചേർക്കുന്നു.

ആസ്തി രജിസ്റ്റർ -പൂർണ്ണവിവരങ്ങൾ ചേർത്തിട്ടില്ല സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്ററിൽ പഞ്ചായത്തിന്റെയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടേയും പേരുകൾ ചേർത്തിട്ടുണ്ടെങ്കിലും ആസ്തികളുടെ നിർമ്മാണ വർഷം, ചെലവു തുക തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. സ.ഉ.255/2013 ത.സ്വ.ഭ.വ/18.07.2013 പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ആസ്തി രജിസ്റ്റർ പൂർണ്ണമാക്കേണ്ടതാണ്.

കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും സ്റ്റോക്ക് രജിസ്റ്റർ, 86/2010/fin തി.

24.09.2010 നം സർക്കുലറിൽ പറയുന്ന വിധത്തിൽ സൂക്ഷിച്ചിട്ടില്ല.

മുൻകൂർ രജിസ്റ്ററിൽ എല്ലാ തരത്തിലുള്ള മുൻകൂറുകളും എഴുതിച്ചേർത്തിട്ടില്ല.

ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഡെപ്പോസിറ്റ് പ്രവൃത്തിയുടെ പേര് വൗച്ചർ നമ്പർ, തിയ്യതി തുടങ്ങിയവ ചേർത്തിട്ടില്ല. തുക, സ്ഥാപനങ്ങളുടെ പേരുകൾ എന്നിവ മാത്രമാണ് ചേർത്തിട്ടുള്ളത്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12-10-17 | 9/17 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25-10-16 -31-10-16 | 2013-14 മുതൽ 2015-16വരെ | 25-1-17 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ജനറൽ പർപ്പസ് ഗ്രാന്റ് -യഥാസമയം ട്രഷറിയിൽ ബിൽ സമർപ്പിക്കാത്തതിനാൽ 5ഗഡുക്കൾ നഷ്ടപ്പെട്ടുത്തി

ജനറൽ പർപ്പസ് ഗ്രാന്റ് 925230 രൂപ വരുന്ന 7 ഗഡുക്കൾ മാത്രമാണ് നാളിതുവരെ സ്പെഷ്യൽ ടി എസ് ബി അക്കൗണ്ടിൽ വരവ് വെച്ചിരിക്കുന്നത്. അലോട്ട്മെന്റ് പ്രകാരം ലഭ്യമായ ഗഡുക്കൾ യഥാസമയം ട്രഷറിയിൽ ബില്ല് സമർപ്പിക്കാത്തതിനാൽ തുക നഷ്ടപ്പെട്ടുവാനിടയാക്കി. അലോട്ടുമെന്റുകൾ ലഭ്യമായതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഗഡു | അലോട്ട്മെന്റ് നം / തിയതി | തുക |
|---|---|---|
| 6 | GO (Rt)നം. 7397/16 തി. 7.9.16 | 925230 |
| 7 | GO (Rt)നം. 7900/16 തി. 1.10.16 | 925230 |
| 8 | GO (Rt)നം. 8593/16 തി. 1.11.16 | 925230 |
| 9 | GO (Rt)നം. 9853/16 തി. 22.12.16 | 925230 |
| 12 | GO (Rt)നം. 2376/17 തി. 23.3.17 | 925230 |

31.3.17 ന് മാത്രമാണ് 5 ഗഡുക്കൾ വരവ് വെയ്ക്കുന്നതിനായി ട്രഷറിയിൽ ബില്ല് സമർപ്പിച്ചിട്ടുള്ളത്. ഈ ബില്ലുകൾ ക്യൂ സിസ്റ്റത്തിൽപ്പെടുകയും ട്രഷറി പ്രീ ഓതറൈസേഷൻ സ്ലിപ്പ് നൽകുകയും ചെയ്തു. എന്നാൽ നാളിതുവരെയായിട്ടും ഗഡുക്കൾ വരവ് വെച്ച് നൽകിയിട്ടില്ലാത്തതാണ്.

സെക്രട്ടറിയുടെ 25.5.17 ലെ Acc. 4125 /16 ാം നമ്പർ കത്ത് പ്രകാരം അലോട്ട്മെന്റുകൾ റീ ഓതറൈസ് ചെയ്ത് കിട്ടുന്നതിനായി പഞ്ചായത്ത് കമ്മിറ്റിയുടെ 12.4.17 ലെ 1(3) നമ്പർ തീരുമാനത്തിന്റെ പകർപ്പ് സഹിതം പ്രിൻസിപ്പൽ സെക്രട്ടറി ധനകാര്യവകുപ്പിനോട് അപേക്ഷിച്ചതായി കാണുന്നു. എന്നാൽ ആയതിന്മേൽ യാതൊരു നടപടിയും ഉണ്ടായതായി കാണുന്നില്ല. മാത്രമല്ല പഞ്ചായത്ത് യാതൊരു തുടർനടപടികളും സ്വീകരിച്ചതായും കാണുന്നില്ല.

ഇത് മൂലം പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തേണ്ടിയിരുന്ന 4626150 രൂപയാണ് പഞ്ചായത്തിന് നഷ്ടമായത്. ഇത് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുമുണ്ടായ ഗുരുതരമായ വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. ഈ വിഷയത്തിൽ യാതൊരു വിശദീകരണവും പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ലഭ്യമായിട്ടില്ല. തുക നഷ്ടപ്പെടുവാനുണ്ടായ സാഹചര്യത്തിനും നിലവിൽ യാതൊരു തുടർനടപടിയും സ്വീകരിക്കാതിരിക്കുന്നതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-2 2016-17 വർഷത്തിൽ അനുവദിച്ച ബിൽഡിംഗ് പെർമിറ്റുകൾ-റഗുലറൈസ് ചെയ്ത കേസുകളിൽ പെർമിറ്റ് ഫീ ഈടാക്കിയില്ല

2016-17 വർഷത്തിൽ അനുവദിച്ച ബിൽഡിംഗ് പെർമിറ്റുകളുടെയും, നമ്പറിങ്ങ് നടന്ന ബിൽഡിംഗുകളുടെയും ഫയലുകൾ പരിശോധിച്ചതിൽ ക്രമവത്കരണം നടന്ന കേസുകളിൽ ക്രമവൽക്കരണത്തിനുള്ള ഫീസിനൊപ്പം പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല. വിശദവിവരം താഴെ പറയുന്നു.

പെർമിറ്റ് ഫയൽ

| വ്യക്തിയുടെ പേര് | പെർമിറ്റ് നം/തിയ്യതി | തറ വിസ്തീർണ്ണം | ഈടാക്കിയ റഗുലറൈസേഷൻ ഫീസ് | ഈടാക്കേണ്ട പെർമിറ്റ് ഫീസ് | വ്യത്യാസം |
|---|---|---|---|---|---|
| അഷ്റഫ് ,വീട്ടിപറമ്പിൽ, എടക്കഴിയൂർ | 125/16-17 dt.19-10-16 | 119.02 | 357/11604103095 /19-10-16 | 1071 | 714 |
| സലിം, മന്ദലാംകുന്ന് ഹൗസ്, എടക്കഴിയൂർ | 66/16-17 dt.23-5-16 | 178.76 | 1072/11604101000 dt23-5-16 | 1609 | 537 |
| ജാബിർ, പിലാവീട്ടിൽ, അകലാട് | 36/16-17 | 192.97 | 579/11604100016 /dt1-4-16 | 1738 | 1158 |
| ഷറഫുദ്ദീൻ, കിഴക്കത്ത്, അകലാട് | 8/16-17 dt.18-2-17 | 169.16 | 517/11604104619 dt 14-2-17 | 1522 | 1005 |
| സിദ്ദിക്ക്, മാമനത്തയിൽ, പുന്നയൂർ | 45/16-17 dt.25-4-16 | 148.05 | 908/11604100602 dt25-4-16 | 1332 | 424 |

| | | | | | |
|---|---|---|---|---|---|
| ആലിക്കുട്ടി, കറപ്പം വീട്ടിൽ, അകത്തായിൽ | 144/16-17 dt.17-11-16 | 80.29 | 481/11604103591 dt17-11-16 | 723 | 242 |
| മജീദ്& ആലിക്കുട്ടി, വലിയങ്ങാട്ടിൽ,എടക്കഴിയൂർ | 106/16-17 dt. 23-8-16 | 169.84 | 1020/11604102269 dt23-9-16 | 1529 | 509 |
| ഹമീദ്, പുറക്കഴങ്ങര ഇല്ലത്ത്, അകലാട് | 102/16-17 dt. 22-8-16 | 258.78 | 1552/11604102233 dt22-8-16 | 2329 | 773 |
| മുസ്തഫ, ആശാരി പറമ്പിൽ, പുന്നയൂർ | 101/16 dt. 19-8-16 | 140.45 | 421/11604102194 dt19-8-16 | 1264 | 843 |
| അഷ്റഫ് ,വെൺതട്ടിൽ അകലാട് | 108/16-17 dt.7-9-16 | 226.94 | 1362/11604102525 dt7-9-16 | 2042 | 680 |
| റഫീക്ക്, നീരാട്ടിപറമ്പിൽ, എടക്കര | 110/16-17 dt.20-9-16 | 271.06 | 1626/11604102640 dt20-9-16 | 2440 | 814 |
| | ആകെ | | | | 7699 |

7

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണചട്ടങ്ങളിലെ ചട്ടം 137(4)ൽ രാജിയാക്കൽ ഫീസ് പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടിയായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സർക്കുലർ നമ്പർ 229813/RD/2/15 തസ്വഭവ തിയ്യതി 11-11-15 പ്രകാരം ക്രമവൽക്കരണ അപേക്ഷകളിൻ മേൽ പെർമിറ്റ് പുതുതായി അനുവദിക്കേണ്ടവയുടെ കാര്യത്തിൽ ആണെങ്കിൽ രാജിയാക്കൽ ഫീസിനൊപ്പം പെർമിറ്റ് ഫീസ് കൂടി വാങ്ങേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. പെർമിറ്റ് ഫീസിനത്തിൽ കുറവ് വന്ന തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-3 <u>ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.</u>

20 വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ എല്ലാവ്യാപാര സ്ഥാപനങ്ങളും ഡി&ഒ ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ഗ്രാമപഞ്ചായത്തിലെ ഡി.ആന്റ്.ഒ ലൈസൻസ് ഫീ ഡിമാന്റ് കൃത്യത ഉറപ്പാക്കുന്നതിന് ഫീൽഡ് വെരിഫിക്കേഷൻ നടത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പാക്കേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-4 <u>ഡി&ഒ ലൈസൻസ്-മതിയായരേഖകളുടെ അഭാവത്തിലും ലൈസൻസ് അനുവദിച്ചു</u>

1)പഞ്ചായത്തിൽ നിന്നും 2016-17 വർഷത്തേക്ക് താഴെ പറയുന്ന വ്യക്തികൾക്ക് ഡി&ഒ ലൈസൻസ് പുതുക്കിഅനുവദിച്ചിട്ടുണ്ട്. എന്നാൽ ഇവർ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ നിരാക്ഷേപ സാക്ഷ്യപത്രം/സാനിട്ടറി സർട്ടിഫിക്കറ്റ് അപേക്ഷയ്ക്കൊപ്പം സമർപ്പിച്ചു കാണുന്നില്ല.

| വാർഡ് നം/കെട്ടിടനം | സ്ഥാപനം | ഹാജരാക്കാത്ത രേഖ |
|---|---|---|
| 20/628-A, ഹീഷ അഷ്റഫ്, വിളക്കെകരയിൽ, പെരുമ്പടപ്പ് | Cmk പെട്രോൾ പമ്പ് | പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ നിരാക്ഷേപ |

| | | |
|---|---|---|
| | | സാക്ഷ്യപത്രം |
| 4/678-ഹൈദരൊസ് കുട്ടി, പുളിയാറം വീട്ടിൽ, എടക്കഴിയൂർ | ഫാസിൽ സോമിൽ,32 HP മോട്ടോർ ഉപയോഗിച്ച് | " |
| 9/296-അനിൽകുമാർ, തൈപ്പറമ്പിൽ, എടക്കഴിയൂർ | ആയുർവേദ മരുന്ന് നിർമ്മാണം-70 HP മോട്ടോർ ഉപയോഗിച്ച് | " |
| 1/275 Aമുഹമ്മദ്ഹുസൈൻ, തെക്കേത്ത്, മന്ദലാം കുന്ന് | മരം ഫർണ്ണിച്ചർ നിർമ്മാണം 13.5 HP മോട്ടോർ ഉപയോഗിച്ച് | " |
| മനീഷ് E.S, എടക്കാട്ട്, എടക്കര | വേൾഡ് മോട്ടേഴ്സ്,യൂസ്ഡ് വെഹിക്കിൾസ് റിപ്പയർ 500hp മോട്ടോർ ഉപയോഗിച്ച് | " |
| ഷംസുദ്ദീൻ.R.C, തറയിൽ ഹൗസ്, എടക്കഴിയൂർ | തറയിൽ പെട്രോൾ പമ്പ് | " |

ഡി & ഒ ലൈസൻസ് നൽകുമ്പോൾ മതിയായ രേഖകളുടെ അടിസ്ഥാനത്തിലും ബന്ധപ്പെട്ട വകുപ്പുകളുടെ നിരാക്ഷേപ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലും ലൈസൻസ് നൽകാൻ നടപടിയെടുക്കേണ്ടതും ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 2-5 വ്യക്തികളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2016-17 വർഷത്തിൽ താഴെ പറയുന്ന വ്യക്തികളുടെ തൊഴിൽ നികുതി രണ്ട് അർദ്ധവർഷങ്ങളിലെയും ഈടാക്കിയിട്ടില്ല.

1)ദീപക്, വി.ഇ.ഒ, പുന്നയൂർ പഞ്ചായത്ത്

2)മന്ദലാംകുന്ന് പോസ്റ്റ് ഓഫീസിലെ ജീവനക്കാർ

താഴെ പറയുന്നവരുടെ രണ്ടാം അർദ്ധവർഷത്തിലെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| വ്യക്തിയുടെ പേര് | സ്ഥാപനം | ഈടാക്കേണ്ടത് |
|---|---|---|
| റിനി k R | പോസ്റ്റ് ഓഫീസ് അകലാട് | 1250 |
| ചന്ദ്രൻ പി.പി | " | 600 |
| അയ്യപ്പൻ.എം കെ | " | 600 |
| പത്മിനി.പി | എടക്കര പോസ്റ്റ് ഓഫീസ് | 450 |
| സുര ടി എം | " | 450 |
| രാജൻ വി സി | " | 450 |
| ഗ്രീഷ്മ.ശ്രീനിവാസൻ | പോസ്റ്റ് ഓഫീസ് പുന്നയൂർ | 300 |

| | | |
|---|---|---|
| അശോകൻ.കെ.കെ | ,, | 450 |
| ദേവദാസ് | ,, | 300 |
| | ആകെ | 4850 |

കുറവ് വന്ന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

## 2-6 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി പരിശോധിച്ചതിൽ പുന്നയൂർ സർവ്വീസ് സഹകരണ ബാങ്ക് തൊഴിൽ നികുതി അടവാക്കിയിട്ടില്ല. ആയത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-7 ഗ്രാമപഞ്ചായത്ത് പരിധിയിൽ പെർമിറ്റില്ലാതെയും വസ്തുനികുതി അടവാക്കാതെയും മൊബൈൽ ടവറുകൾ പ്രവർത്തിച്ചു വരുന്നു

പുന്നയൂർ ഗ്രാമപഞ്ചായത്തിൽ 14 മൊബൈൽ ടവറുകൾ നിലവിൽ പ്രവർത്തിക്കുന്നതായി വാർഡ് തലത്തിൽ നടത്തിയ ഫീൽഡ് പരിശോധനയിൽ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ ടവറുകളൊന്നും തന്നെ ഗ്രാമപഞ്ചായത്തിൽ പെർമിറ്റിനായി അപേക്ഷ നൽകിയിട്ടില്ലാത്തതിനാൽ പ്രവർത്തിക്കുന്ന ടവറുകൾ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. സ്ഥലമുടമകളുടെ അനുമതിയോടുകൂടി വാടകയ്ക്ക് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മൊബൈൽ ടവറുകളെ സംബന്ധിച്ച് സ്ഥലമുടമകളുടെ സാന്നിദ്ധ്യത്തിൽ യോഗങ്ങൾ നടത്തിയെങ്കിലും, സ്ഥലമുടമകളിൽ നിന്നും ടവറുകൾ സംബന്ധിച്ച യാതൊരു രേഖകളും ലഭ്യമല്ലാത്ത സ്ഥിതിവിശേഷണമാണ് നിലവിലുള്ളത്. നിലവിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളിൽ നിന്നും പെർമിറ്റ് ഫീസ്, വസ്തു നികുതി എന്നിവ ഈടാക്കാൻ സാധിക്കാത്തതിനാൽ പ്രതിവർഷം വലിയൊരു തുക ഈ ഇനത്തിൽ പഞ്ചായത്തിന് നഷ്ടം വരുന്നു. മൊബൈൽ ടവറുകൾ സംബന്ധിച്ച വിശദവിവരങ്ങൾ ഹാജരാക്കുന്നതിനായി സ്ഥലമുടമകളോട് രേഖാമൂലം ആവശ്യപ്പെടേണ്ടതും സ്ഥലമുടമകളുടെ സ്ഥലങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ മൊബൈൽ ടവറുകളുടെ അനധികൃത നിർമ്മാണം നടത്തിയതിന് സ്ഥലമുടമക്കെതിരെ കേരള പഞ്ചായത്ത് രാജ് 235(W) വകുപ്പ് പ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടേതാണ്. പ്രവർത്തിച്ച് വരുന്ന ടവറുകളുടെ വിവരം താഴെ പറയുന്നു

| വാർഡ് നമ്പർ | പ്ലോട്ട് വിസ്തീർണ്ണം | വിസ്തീർണ്ണം ടവർ | കെട്ടിടമുടമയുടെ പേര് |
|---|---|---|---|
| 3 | 16.45 | 27.7 | ലത്തീഫ്, മുബിറം വീട്ടിൽ, കണ്ടാണത്ത് |
| 5 | 345.6 | 98 | പി സി മുഹമ്മദാലി, ചിറ്റാറയിൽ |

| | | | |
|---|---|---|---|
| 8 | | 77.74 | ഉസ്മാൻ, തെക്കേപ്പാടയിൽ |
| 9 | 185.22 | 57 | ബീവാത്തു, വട്ടം പറമ്പിൽ |
| 10 | 173.04 | 45.41 | ആയിഷ, അമ്പലത്ത് വീട്ടിൽ |
| 10 | - | 70.43 | നബീസ, അമ്പലത്ത് വീട്ടിൽ |
| 10 | - | 6.63 | കുഞ്ഞിമുഹമ്മദ്, അമ്പലത്ത് വീട്ടിൽ |
| 13 | - | 143.22 | സെക്രട്ടറി, അൻസാറുൾ ഇസ്ലാം മദ്രസ്സ |
| 16 | 106.02 | 55.81 | മുഹമ്മദ് കുട്ടി, വട്ടംപറമ്പിൽ |
| 16 | 171.72 | 62 | ആലി, ഓളങ്ങാട്ട് പറമ്പിൽ |
| 18 | - | 137.21 | റഷീദ്, വലിയകത്ത് |
| 19 | 120.60 | 70.40 | മുഹമ്മദാലി, പുതുപറമ്പിൽ |

## 2-8 2016-17 വർഷം ഡി&ഒ ലൈസൻസ് അനുവദിച്ച /പുതുക്കി നൽകിയ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല

സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല

1)മുഹമ്മദ് ഹുസൈൻ, തെക്കാത്ത് വീട്, മന്ദലാം കുന്ന്- മരഫർണ്ണിച്ചർ നിർമ്മാണം

2)പി.നികുലേശൻ, ചക്കരാത്ത് ഹൗസ്, എടക്കഴിയൂർ- തയ്യൽക്കട നടത്തുന്നതിന്.

മേൽ പറഞ്ഞവരുടെ വിറ്റുവരവിനെ അടിസ്ഥാനമാക്കി സ്ഥാപന തൊഴിൽനികുതി ഈടാക്കേണ്ടതാണ്.

## 2-9 നഞ്ചഭൂമിയിലെ കെട്ടിടനിർമ്മാണം -രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ശ്രീ.അബ്ദുൾ ജലീൽ, ചെറുവത്തായിൽ എടക്കഴിയൂർ എന്നവർക്ക് 309.72 $m^2$ തറ വിസ്തീർണ്ണമുള്ള താമസാവശ്യത്തിനുള്ള കെട്ടിടത്തിന് 29-6-17 ന് നമ്പർ അനുവദിച്ച് നൽകിയിട്ടുണ്ട് (വാർഡ് നം 13-പഞ്ചവടി സൗത്ത്). 2014 വർഷത്തിലാണ് ടിയാൾക്ക് പെർമിറ്റ് അനുവദിച്ചത്. എടക്കഴിയൂർ വില്ലേജ് ഓഫീസിൽ നിന്നും അനുവദിച്ച പൊസഷൻ സർട്ടിഫിക്കറ്റിൽ സർവ്വെ നമ്പർ 44/1, 44/2 എന്നിവയിൽപ്പെടുന്ന യഥാക്രമം 2.86 ആർ, 3.52 ആർ എന്നിവയിൽ ഭൂമിയുടെ തരം "നഞ്ച" എന്നാണ് രേഖപ്പെടുത്തി കാണുന്നത്. പഞ്ചായത്ത് തയ്യാറാക്കിയ എടക്കഴിയൂർ വില്ലേജിൻെറ ഡാറ്റാ ബാങ്കിലും ഭൂമിയുടെ തരം "നഞ്ച" എന്നാണ് രേഖപ്പെടുത്തി കാണുന്നത്. ടിയാളുടെ കെട്ടിട നിർമ്മാണത്തിന് അനുമതിയ്ക്ക് അടിസ്ഥാനമായ നഞ്ച കമ്മറ്റിതീരുമാനം ലഭ്യമാക്കിയിട്ടില്ല. സർക്കുലർ നം.4548/RAI/ത.സ്വ.ഭ.വ തീയതി 22.1.11 പ്രകാരം നിലംനികത്ത് ഭൂമിയിൽ 300$m^2$ താഴെയുള്ള സ്വന്തം ഉപയോഗത്തിനായുള്ള വാസഗൃഹങ്ങൾക്കു മാത്രമേ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകാവൂ എന്ന് നിഷ്കർഷിക്കുന്നു. ഇതിനു വിരുദ്ധമായി കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## **2-10** <u>ലേലം വരവ് ഫയൽ ലഭ്യമാക്കിയിട്ടില്ല.</u>

അക്കൗണ്ട്സ് പ്രകാരം ലേലം ഇനത്തിൽ 2016-17 വർഷം 6200 രൂപയുടെ വരവുണ്ട്. ആയത് സംബന്ധിച്ച ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.(ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം 38/16-17 dt 1-11-17 ന് മറുപടി ലഭിച്ചിട്ടില്ല). ലേലം സംബന്ധിച്ച ലേല നോട്ടീസ്, ലേല ഡയറി, ലേല രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# ഭാഗം-3

# <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## **3-1** <u>**2016-17** സാമ്പത്തികവർഷം ഗ്രാമപഞ്ചായത്ത് ലാപ്സാക്കിയത് **20992125/-** രൂപ</u>

2016-17 വർഷത്തിൽ പുന്നയൂർ ഗ്രാമപഞ്ചായത്തിന് വികസനഫണ്ട്, സംരക്ഷണഗ്രാന്റ് എന്നീ ഇനങ്ങളിൽ സർക്കാരിൽ നിന്നും ലഭിച്ച അലോട്ട്മെന്റിന്റേയും പഞ്ചായത്ത് തൻവർഷം ചെലവഴിച്ച തുകയുടേയും ലാപ്സായ തുകയുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | അലോട്ട്മെന്റ് | ചെലവഴിച്ച തുക₹ | ലാപ്സായ തുക₹ | വിനിയോഗ ശതമാനം |
|---|---|---|---|---|
| പൊതുവിഭാഗം | 17391453 | 13081492 | 4309961 | 75 |

| | | | | |
|---|---|---|---|---|
| വികസനഫണ്ട് | | | | |
| വികസനഫണ്ട് എസ്.സി.പി. | 5764677 | 4013065 | 1751612 | 70 |
| വികസനഫണ്ട് ടി.സി.പി. | 50424 | 0 | 50424 | 0 |
| ധനകാര്യകമ്മീഷൻ അവാർഡ് | 8716354 | 5156359 | 3559995 | 59 |
| ലോകബാങ്ക് ധനസഹായം(സെൻട്രൽ) | 4281596 | 1207440 | 3074156 | 28 |
| ലോകബാങ്ക് ധനസഹായം(സ്റ്റേറ്റ്) | 1342431 | - | 1342431 | 0 |
| റോഡിതര സംരക്ഷണഗ്രാന്റ് | 5667810 | 2589300 | 3078510 | 46 |
| റോഡ് സംരക്ഷണഗ്രാന്റ് | 5240550 | 1415514 | 3825036 | 27 |
| ആകെ | 48404871 | 27463170 | 20992125 | 57 |

വികസന പ്രവർത്തനങ്ങൾക്കുതകുമായിരുന്ന 20992125/- രൂപ തൻവർഷം ഗ്രാമപഞ്ചായത്ത് ലാപ്സാക്കി. വർഷാവർഷം ലഭിക്കുന്ന അലോട്ട്മെന്റുകൾ വിനിയോഗിച്ച് പൊതുജനങ്ങൾക്കുപകാരപ്രദമായ പ്രൊജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കാനും, ലഭ്യമായ തുക ലാപ്സാകാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-2 പൊതുമരാമത്ത് മേഖലയിലെ പദ്ധതി നിർവ്വഹണം

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ, വകയിരുത്തിയ തുക, ചെലവഴിച്ച തുക, ഇവയുടെ ശതമാനം എന്നീ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | അംഗീകാരം ലഭിച്ചത്/ വകയിരുത്തിയത് | നടപ്പാക്കിയത്/ ചെലവഴിച്ചത് | ശതമാനം |
|---|---|---|---|
| എണ്ണം | 81 | 43 | 53 |
| തുക | 1,97,58,812 | 56,21,139 | 28.45 |

അംഗീകാരം കിട്ടിയ പ്രോജക്ടുകളിൽ 53% പ്രോജക്ടുകൾ നടപ്പാക്കുവാനും വകയിരുത്തിയ തുകയുടെ 28.45% തുക ചെലവഴിക്കാനും മാത്രമെ സാധിച്ചിട്ടുള്ളൂ. കൂടുതൽ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ പ്രോജക്ടുകളുടെ ബാഹുല്യം കാരണം ഗുണമേൻമ ഉറപ്പുവരുത്താൻ പലപ്പോഴും സാധിക്കുകയുമില്ല. ഭൂരിഭാഗം പ്രോജക്ടുകളും തൻവർഷം നിർവ്വഹിക്കാൻ കഴിയാതെ വരികയും ചെയ്യുന്നു. പ്രോജക്ടുകൾ നടപ്പാക്കാൻ കഴിയാത്തതു മൂലം ജനങ്ങൾക്ക് നൽകിയ വാഗ്ദാനം

ലംഘിക്കപ്പെടുകയും തൻവർഷം ചെലവഴിക്കേണ്ട തുക ചെലവഴിക്കാതെ നഷ്ടമാകുന്നതിനും കാരണമാകുന്നു. അതിനാൽ പ്രോജക്ടുകളുടെ എണ്ണം കുറച്ച് ഗുണമേൻമ ഉറപ്പുവരുത്തുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-3 വി.ഇ.ഒ നിർവ്വഹണം നടത്തിയ പദ്ധതികൾ- പ്രൊജക്ടുകളുടെ ചെലവു രേഖകൾ ഹാജരാക്കിയില്ല

20.4.16 ലെ പുന്നയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 3(7) തീരുമാനപ്രകാരം ശ്രീ.ദീപക്.സി.ആർ, വി.ഇ.ഒ 2015-16 നിർവ്വഹണം നടത്തികൊണ്ടിരുന്ന കക്കൂസ് നിർമ്മാണം, ഭവനനിർമ്മാണം പ്രൊജക്ടുകളിലെ ഗുണഭോക്താക്കൾക്ക് ചെക്ക് കൈമാറാത്തതു സംബന്ധിച്ച് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ ഒഴിവാക്കിയിട്ടുണ്ട് എങ്കിലും ഗുണഭോക്താക്കൾക്ക് തുക ലഭിച്ചതു സംബന്ധിച്ച് യാതൊരു രേഖപ്പെടുത്തലുകളും മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല.

2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റിനും വി.ഇ.ഒ ശ്രീ.ദീപക്.സി.ആർ (പുന്നയൂർ സർക്കിൾ) നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു (സുലേഖ ചെലവു പത്രിക പ്രകാരം).

| പ്രൊജക്ട് നം | പ്രൊജക്ട് | തുക | ഫണ്ട് |
|---|---|---|---|
| 20/17 | കക്കൂസ് നിർമ്മാണം | 56000 | വികസനഫണ്ട് |
| 71/17 | കക്കൂസ് നിർമ്മാണം(ഒഡിഎഫ്) | 600600 | വികസനഫണ്ട് |
| 124/17 | ഭവനപുനരുദ്ധാരണം | 1500000 | വികസനഫണ്ട് |
| 139/17 | മേൽക്കൂര മാറ്റി പുതിയ മേൽക്കൂര പണിയൽ | 129000 | വികസനഫണ്ട് |
| | | 525000 | ധനകാര്യകമ്മീഷൻ അവാർഡ് |
| | ആകെ | 2810600 | |

കേരള പഞ്ചായത്ത് രാജ് /മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ (1997) ചട്ടം 12(2) പ്രകാരം രേഖകളോ കണക്കുകളോ നൽകാൻ വീഴ്ച്ച വരുത്തിയാൽ അത്തരം രേഖയോ കണക്കുകളോ നിലവില്ല എന്നു കരുതപ്പെടുന്നതും അതനുസരിച്ച് നിഗമനത്തിൽ എത്താവുന്നതുമാണ്. ഓഡിറ്റ് എൻക്വയറി നം.18/28.10.17 പ്രകാരം രേഖകൾ ഹാജരാക്കുന്നതിന് നിർദ്ദേശം നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ല. സ്ഥാപനത്തിന്റെ നിർവ്വഹണാധികാരികളോട് ഈ വിഷയം ചർച്ച ചെയ്തിട്ടും തുടർനടപടികൾ സ്വീകരിക്കേണ്ട നിർവ്വഹണോദ്യോഗസ്ഥൻ രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതു വരെ ചെലവഴിച്ചതായി രേഖപ്പെടുത്തിയ 28,10,600/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-4 മെഡിക്കൽ അഡ്വാൻസായി അനുവദിച്ച തുക

## നാളിതുവരെ ക്രമീകരിച്ചിട്ടില്ല

വൗച്ചർനം-21600389/26.8.16 തുക-100000/-

പുന്നയൂർ ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലർക്കായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ആസാദ്.എ എന്നിവർക്ക് 25/7/16 ലെ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 3(4) തീരുമാനപ്രകാരവും, 23.8.16 ലെ എ2-2645/16(1) നമ്പർ സെക്രട്ടറിയുടെ ഉത്തരവ് പ്രകാരവും ഹൃദയശസ്ത്രക്രിയയ്ക്ക് മെഡിക്കൽ അഡ്വാൻസായി 100000/- രൂപ അനുവദിച്ചിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ 22/6/16 തീയതിയിലെ ഉത്തരവ് നം.F2-13643/16, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഇ1-5272/16/KDS തിയതി 7.8.16 നമ്പർ ഉത്തരവുകൾ പ്രകാരം അഡ്വാൻസ് തുക 6 മാസത്തിനുള്ളിൽ അടച്ചുതീർക്കേണ്ടതും, അല്ലാത്തപക്ഷം 12% പലിശ ഈടാക്കേണ്ടതുമാണ് . എന്നാൽ നാളിതുവരെ തുക തിരികെ അടവാക്കിയിട്ടില്ലെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.32/1.11.17)മറുപടിയായി അറിയിച്ചിട്ടുണ്ട്.

ശ്രീ.ആസാദ് എന്നവർ 26.7.17 ൽ വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറി പോയിട്ടുണ്ട്. വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ നിന്നും പലിശ സഹിതം തുക ഈടാക്കി പുന്നയൂർ ഗ്രാമപഞ്ചായത്തിലേക്ക് ലഭ്യമാക്കുന്നതിന് 12.10.17 ന് സെക്രട്ടറിയുടെ എ2-621/2017 കത്തു പ്രകാരം അറിയിച്ചിട്ടുണ്ട്. അനുവദിച്ച തുക തിരികെ ഈടാക്കി തനതുഫണ്ടിൽ അടവാക്കേണ്ടതാണ്. ആയതു വരെ ചെലവുതുക 100000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

# 3-5 സാക്ഷരതാ പ്രേരക് മാർക്ക് ഫെസ്റ്റിവൽ അലവൻസ്- രണ്ടുതവണ അനുവദിച്ചു

സ.ഉ.(സാധാ) നം.2943/16 പൊ.വി.വ തിയതി 7.9.16 പ്രകാരം സാക്ഷരതാ പ്രേരക് മാരുടെ സ്പെഷൽ അലവൻസിൽ 200/- രൂപയുടെ വർദ്ധനവ് അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. ആയതു പ്രകാരം ഗ്രാമപഞ്ചായത്തിലെ സാക്ഷരത പ്രേരക് മാർക്ക് 2016-17 സാമ്പത്തികവർഷം ഫെസ്റ്റിവൽ അലവൻസ് അനുവദിക്കുകയുണ്ടായി.

| വൗച്ചർ നം | പ്രേരക് | അനുവദിച്ച തുക | അധികമായി അനുവദിച്ചത് |
|---|---|---|---|
| 21600450/9.9.16 | വസന്ത,മങ്ങാടി | 1100 | 1100 |
| 21600560/21.10.16 | ,, | 1100 | |
| 21600451/9.9.16 | സ്മിത ബാലൻ | 1100 | 1100 |
| 21600559/21.10.16 | ,, | 1100 | |
| ആകെ | | | 2200 |

ഇപ്രകാരം അധികമായി അനുവദിച്ച 2200/- രൂപ തിരികെ ഈടാക്കി തനതുഫണ്ടിൽ അടവാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി 32/1.11.17)

# 3-6 അംഗൻവാടിക്ക് സൗജന്യമായി ലഭ്യമായ സ്ഥലം- തുടർനടപടികൾ ഏറ്റെടുത്തിട്ടില്ല.

പുന്നയൂർ ഗ്രാമപഞ്ചായത്തിലെ 17 ാം വാർഡിലെ 53 ാം നമ്പർ അംഗനവാടിക്ക് ആവശ്യമായ 4 സെന്റ് സ്ഥലം, രാജ ട്രസ്റ്റ് സൗജന്യമായി അനുവദിക്കുന്നതിന് തയ്യാറുള്ളതിനാൽ

തുടർനടപടികൾ സ്വീകരിക്കുന്നതിന് 24.12.16 ലെ 4(8) നമ്പർ ഭരണ സമിതി തീരുമാനം എടുത്തിരുന്നു. എന്നാൽ നാളിതുവരെ മേൽപ്പറഞ്ഞ സ്ഥലം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലാക്കാനുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 നിർമ്മൽ പുരസ്കാരതുക നാളിതുവരെ ചെലവഴിച്ചിട്ടില്ല

പുന്നയൂർ ഗ്രാമപഞ്ചായത്തിന്റെ 26.9.16 ലെ ഭരണസമിതി തീരുമാനം 9(4) പ്രകാരം നിർമ്മൽ പുരസ്കാരമായി ലഭിച്ച 500000/- രൂപ വിനിയോഗിച്ച് പദ്ധതികൾ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. 2010 ൽ ലഭിച്ച തുക നാളിതുവരെ വിനിയോഗിക്കാതെ തനതുഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന നടപടി ശരിയല്ല. നിർമ്മൽ പുരസ്കാരതുക ഉപയോഗിച്ച് നടപ്പാക്കാവുന്ന ശുചിത്വപരിപാടികൾ ഏറ്റെടുക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-8 ഇടപാടുകളില്ലാത്ത അക്കൗണ്ടിൽ വൻ തുക നീക്കിയിരിപ്പ്.

പുന്നയൂർ ഗ്രാമപഞ്ചായത്തിന്റെയും സോഷ്യോ ഇക്കണോമിക് യൂണിറ്റ് സെൻട്രൽ, തൃശ്ശൂരിന്റെയും പേരിൽ ഒരു ജോയിന്റ് അക്കൗണ്ട് എസ്. ബി.ഐ യിൽ( അക്കൗണ്ട് നം . 10351821047) ആരംഭിക്കുകയും, ചാവക്കാട് ട്രഷറി ചെക്ക് നം 052672/8.12.94 പ്രകാരം 100000 രൂപ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. പരിശോധനയ്ക്ക് ഹാജരാക്കിയ പാസ്സ് ബുക്ക് പ്രകാരം 27.8.05 മുതൽ പലിശ മാത്രമാണ് അക്കൗണ്ടിൽ വരവ് കാണുന്നത്. ഇതുപ്രകാരം 31.3.17 ലെ നീക്കിയിരിപ്പ് 452328 രൂപയാണ്. മുൻ വർഷങ്ങളിലെ പാസ്സ് ബുക്കുകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കുകയുണ്ടായില്ല. ഈ അക്കൗണ്ട് എന്ത് ആവശ്യത്തിനാണ് ആരംഭിച്ചിട്ടുള്ളത് എന്ന കാര്യത്തിലും വിശദീകരണം ലഭ്യമാക്കിയില്ല. അക്കൗണ്ട് സംബന്ധിച്ച വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അക്കൗണ്ടിൽ നിക്ഷേപിച്ച തുക വികസനഫണ്ടിൽ നിന്നാണെങ്കിൽ ആയത് അതേ ഹെഡിൽ തന്നെ പലിശ സഹിതം തിരികെ അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 പൊതുടാപ്പുകളുടെ സംയുക്തപരിശോധന നാളിതുവരെ നടത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ആവർത്തന ചെലവാണ് പൊതുടാപ്പുകളുടെ വെള്ളക്കരം. 146 പൊതുടാപ്പുകൾക്കായി 63875/ -രൂപ പ്രതിമാസം വാട്ടർ അതോറിറ്റിയിൽ അടവാക്കിവരുന്നു. 118 ടാപ്പുകൾക്കുള്ള വെള്ളക്കരം ഒടുക്കുന്നതിന് പഞ്ചായത്ത് 766500/-രൂപയാണ് പ്രതിവർഷം ചെലവഴിക്കുന്നതെങ്കിലും ആയതിന് ആനുപാതികമായ പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കുന്നുണ്ടോയെന്ന് പരിശോധനയ്ക്ക് വിധേയമാക്കപ്പെടുന്നില്ല. നാളിതുവരെ പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.32 /1.11.17 ന് മറുപടിയായി ജലഅതോറിറ്റിക്ക് കത്തുനൽകിയിട്ടുണ്ടെന്നാണ് അറിയിച്ചത്. ജലഅതോറിറ്റി നിയോഗിക്കുന്ന ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ ജലവിതരണവും ശുചിത്വവും എന്ന വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ പൊതുടാപ്പുകളുടെ സംയുക്തപരിശോധന നടത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആകെ ടാപ്പുകൾ, ജലം ലഭ്യമാകുന്നവ, പ്രവർത്തനക്ഷമമല്ലാത്തവ എന്നിങ്ങനെ വിവരങ്ങൾ ശേഖരിച്ച് പ്രവർത്തനക്ഷമമായ ടാപ്പുകളിൽ ജലലഭ്യത ഉള്ളവയ്ക്ക് മാത്രം വെള്ളക്കരം അടവാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

പൊതുടാപ്പുകളുള്ള കുടിവെള്ള പദ്ധതികളെക്കാൾ, സബ്സിഡി നിബന്ധനകൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ഗാർഹിക കണക്ഷൻ നൽകുമ്പോൾ ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും (സബ്സിഡിക്ക് അർഹതയില്ലാത്തവരിൽനിന്ന് മുഴുവൻ തുകയും ഈടാക്കി) ലഭ്യമാക്കേണ്ടതും അപ്രകാരം ചെയ്തതിനുശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കേണ്ടതുമാണ് (സ.ഉ.(എം.എസ്.)നം.4116/ത.സ്വ.ഭ.വ., തീ. 11.1.16 – പേജ് 42, ഖ.2). സർക്കാർ നിർദ്ദേശത്തിന് അനുസൃതമായി ഗാർഹിക കണക്ഷൻ നൽകുന്നതിനുള്ള പ്രോജക്ടുകൾ നടപ്പിലാക്കി പൊതു ടാപ്പുകളുടെ എണ്ണം പരമാവധി കുറച്ചുകൊണ്ടുവരുന്നത് ഗ്രാമപഞ്ചായത്തിന്റെ ഉത്തമ താല്പര്യങ്ങൾക്ക് അനുഗുണമായിരിക്കും.

ഈ വിഷയത്തിൽ ഭരണസമിതിയുടെ ഭാഗത്തുനിന്നും ക്രിയാത്മക നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 കുടിവെള്ളപദ്ധതികൾ സംബന്ധിച്ച കൃത്യമായ കണക്കുകൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല

പുന്നയൂർ ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കുടിവെള്ള പദ്ധതികൾ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്തു നടത്തുന്നവ, ഗ്രാമപഞ്ചായത്ത് നേരിട്ടു പരിപാലിക്കുന്നവ എന്നീ കുടിവെള്ള പദ്ധതികൾ സംബന്ധിച്ച് വാർഡ് തലത്തിൽ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26.9.16 ലെ 10-ാം നമ്പർ തീരുമാനപ്രകാരം 7ാം വാർഡിലെ അവിയൂർ കുടിവെള്ള പദ്ധതിയുടെ 1/1/14 മുതൽ 9/16 വരെയുള്ളതും, 12-ാം വാർഡിലെ എടക്കഴിയൂർ കുടിവെള്ള പദ്ധതിയുടെ 1.3/14 മുതൽ 9/16 വരെയുള്ളതും വൈദ്യുതചാർജ് അടവാക്കാൻ തീരുമാനിക്കുകയും വൗച്ചർ നം.21600486/29.9.16 പ്രകാരം 1,44,497/- രൂപ അടവാക്കുകയും ചെയ്തു. കെ.എസ്.ഇ.ബി യുടെ ഡിമാൻറ് നോട്ടീസിൽ വൈദ്യുതി ഉപഭോഗം രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതിയെ ഏൽപ്പിച്ചിരുന്നവയാണോ എന്നതിനും, ഗ്രാമപഞ്ചായത്ത് നേരിട്ട് പരിപാലിക്കുന്നതാണെങ്കിൽ 2014 മുതൽ വൈദ്യുതി ചാർജ് അടവാക്കാത്തതിനും കൃത്യമായ മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഗുണഭോക്തൃസമിതികൾ ഏറ്റെടുക്കാൻ വിസമ്മതിക്കുന്ന സാഹചര്യത്തിൽ വാട്ടർ ചാർജ് പിരിച്ചെടുക്കേണ്ടതുമാണ്. (സംസ്ഥാന ആസൂത്രണബോർഡ് 1999ൽ പ്രസിദ്ധീകരിച്ചത് പേജ് 109, 110, ഖണ്ഡിക 15-0-1, 16-0-01).

## 3-11 ലൈബ്രറിസെസ് അടവാക്കിയില്ല

സർക്കുലർ നം.10088/എൽ.3/05/ത.സ്വ.ഭ.വ തിയതി.20.9.2005 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ് ഇനത്തിൽ പിരിക്കുന്ന തുക രണ്ടു ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടയ്ക്കണം. ആദ്യ ഗഡു ഏപ്രിൽ 30 നകവും, രണ്ടാമത്തെ ഗഡു നവംബർ 30 നകവും അടയ്ക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ അത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ ബാദ്ധ്യതയുമായി കണക്കാക്കുന്നതുമാണ്. പുന്നയൂർ ഗ്രാമപഞ്ചായത്തിൽ 2015-16 രണ്ടാം അർദ്ധവർഷം, 2016-17 ഒന്നാം അർദ്ധവർഷം എന്നിവയുടെ ലൈബ്രറി സെസ് ഇനത്തിൽ പിരിച്ച തുക നാളിതുവരെ അടവാക്കിയിട്ടില്ല. ലൈബ്രറിസെസ് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 പെൻഷൻ കോൺട്രിബ്യൂഷൻ ഈടാക്കിയിട്ടില്ല

2016-17 സാമ്പത്തികവർഷം പുന്നയൂർ ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റ് ആയി 14.12.16 ൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി.സുനേന.പി.വി (ബേസിക് പേ-16500, സ്കെയിൽ ഓഫ് പേ-16500-35700)യിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഈടാക്കുകയോ, ഗ്രാമപഞ്ചായത്ത് വിഹിതം അടവാക്കുകയോ ചെയ്തിട്ടില്ല. 8.9.17 ൽ ഇവർ തോളൂർ ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറി പോയിട്ടുള്ളതാണ്. പുന്നയൂർ ഗ്രാമപഞ്ചായത്തിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ അടവാക്കേണ്ട തുകയോടൊപ്പം പ്രസ്തുത ജീവനക്കാരിയുടെ ശമ്പളവിഹിതം കൂടി ഈടാക്കി അടവാക്കിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

## 3-13 പുന്നയൂർ പി.എച്ച്.സി യിലേക്ക് ഉപകരണങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

പ്രോജക്ട് നം. 122/17

ബിൽ നം 7/16-17 തിയതി. 31.3.17 തുക 200000

പി.എച്ച്.സി യിലേക്കുള്ള ഉപകരണങ്ങൾ AARVEES Diagnostics, കണിമംഗലം എന്നസ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിരിക്കുന്നത്. പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

(1) വാങ്ങലിന് ടെണ്ടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

(2) സ്ഥാപനത്തിന്റെ അക്കൌണ്ടുകളിലേക്കാണ് തുക കൈമാറിയത് . എന്നാൽ സ്ഥാപനങ്ങളുടെ കൈപ്പറ്റ് രശീതി ഹാജരാക്കിയിട്ടില്ല.

(3) വാങ്ങലിന് പഞ്ചായത്ത് കമ്മിറ്റിയുടെയോ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെയോ തീരുമാനം ഉള്ളതായി കാണുന്നില്ല.

(4) ഇൻവോയ്സുകളിൽ സ്റ്റോക്ക് എൻട്രി സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിട്ടില്ല.

(5)സ്ഥാപനവുമായി കരാർ വെച്ചിട്ടില്ല.

രേഖകളുടെയും നടപടിക്രമങ്ങളുടെയും അഭാവത്തിൽ ചെലവ് തുക 200000 തടസ്സപ്പെടുത്തുന്നു.

# 3-14 എസ്.എസ്.എ വിഹിതം നൽകൽ- രേഖകൾ ഹാജരാക്കിയില്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥ : എച്ച്.എം, ജി.എം.എൽ.പി.എസ്, പുന്നയൂർ
പ്രോജക്ട് നം. 44/17

ബിൽ നം 1/16-17 തിയതി. 17.12.16 തുക 600000

ബിൽ നം 16/16-17 തിയതി. 31.3.17 തുക 500000

പദ്ധതിയിൽ ജില്ലാ പ്രോജക്ട് ഓഫീസർ, എസ്.എസ്.എ യ്ക്ക് മേൽ ബില്ലുകൾ പ്രകാരമുള്ള തുക കൈമാറിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.പ്രോജക്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. എസ്.എസ്. എ യിൽ നിന്നുള്ള എസ്റ്റിമേറ്റ് / റിക്വിസിഷൻ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. കൈമാറിയ തുകയ്ക്കുള്ള വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

4. ഡി ഡി മുഖേന കൈമാറിയ 600000 രൂപക്കുള്ള രശീതി മാത്രമാണ് ഹാജരാക്കിയത്.

രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു

# 3-15 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് പഠനോപകരണങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥ : എച്ച്.എം, ജി എം.എൽ.പി.എസ്, പുന്നയൂർ

പ്രോജക്ട് നം. 135/17

ബിൽ നം 2/16-17 തിയതി. 16.3.17 തുക 123000

ബിൽ നം 3/16-17 തിയതി. 16.3.17 തുക 37000

പദ്ധതി പ്രകാരം 40 വിദ്യാർത്ഥികൾക്ക് കാഡ്കോയിൽ നിന്നും 4000 രൂപ വിലമതിക്കുന്ന മേശയും കസേരയും വാങ്ങി വിതരണം നടത്തിയിരിക്കുന്നു. എന്നാൽ ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചുകൊണ്ടുള്ള കമ്മിറ്റി തീരുമാനം ലഭ്യമാക്കിയിട്ടില്ല. വാങ്ങലിന് പഞ്ചായത്ത് കമ്മിറ്റിയുടേയോ, പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെയോ തീരുമാനം ഉള്ളതായി കാണുന്നില്ല. കൂടാതെ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതായോ, വിദ്യാർത്ഥികൾ ഉപകരണങ്ങൾ കൈപ്പറ്റിയതായോ ഉള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു

# 3-16 പട്ടികജാതി വിദ്യാർത്ഥി - വിദ്യാർത്ഥിനികൾക്ക്

## സൈക്കിൾ വിതരണം

നിർവ്വഹണ ഉദ്യോഗസ്ഥ : എച്ച്.എം, ജി എം.എൽ.പി.എസ്, പുന്നയൂർ

1) പ്രോജക്ട് നം. 2/17 ( spill over)

ബിൽ നം 15/16-17 തിയതി. 31.3.17 തുക 89300

2) പ്രോജക്ട് നം. 51/17

ബിൽ നം 14/16-17 തിയതി. 31.3.17 തുക 125890

മേൽ രണ്ട് പദ്ധതികളിലും ക്വട്ടേഷൻ നടപടികളിലൂടെയാണ് വാങ്ങൽ നടത്തിയിരിക്കുന്നത് . കുറവ് നിരക്ക് രേഖപ്പെടുത്തിയ സഫാരി ട്രേഡേഴ്സ് കമ്പനി, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നാണ് 3857 രൂപ വില വരുന്ന ആൺകുട്ടികൾക്കുള്ള 126 സൈക്കിളുകളും 3876 രൂപ വില വരുന്ന പെൺകുട്ടികൾക്കുള്ള 27 സൈക്കിളുകളും വാങ്ങി വിതരണം നടത്തിയിരിക്കുന്നത്. രണ്ട് പദ്ധതി നടത്തിപ്പിലും കണ്ടെത്തിയ പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

1.പ്രോജക്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. പട്ടികജാതി വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന സാക്ഷ്യപത്രം ആരും തന്നെ ഹാജരാക്കിയിട്ടില്ല.

3. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

4.വിതരണ രേഖകളോ വിദ്യാർത്ഥികൾ സൈക്കിൾ കൈപ്പറ്റിയതിന്റെ രേഖകളോ ഹാജരാക്കിയിട്ടില്ല.

5. സ്കൂളുകൾ മുഖേനയല്ല സൈക്കിൾ വിതരണം നടത്തിയിരിക്കുന്നത്.

6.വാങ്ങലിന് പഞ്ചായത്ത് കമ്മിറ്റിയുടേയോ, പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെയോ തീരുമാനം ഉള്ളതായി കാണുന്നില്ല.

7.ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചുകൊണ്ടുള്ള കമ്മിറ്റി തീരുമാനം ലഭ്യമാക്കിയിട്ടില്ല.

മറ്റ് അപാകതകൾ

പ്രോജക്ട് നം. 2/17 ( spill over)

1) 2015-16 വർഷത്തെ പദ്ധതി സ്പിൽ ഓവർ ആയാണ് തൻവർഷം നടപ്പിലാക്കിയിരിക്കുന്നത്. 2015-16 വർഷം 10ാം തരത്തിൽ പഠിച്ച വിദ്യാർത്ഥി- വിദ്യാർത്ഥിനികൾക്കാണ് സൈക്കിൾ വിതരണം നടത്തിയിരിക്കുന്നത് എന്നതിനാൽ 16-17 വർഷം ഇവർക്ക് ആനുകൂല്യം നൽകിയത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്.

2) അക്ഷിത.എം.എൻ, D/o നാരായണൻ, മൂത്താട്ടക്കായിൽ, എടക്കഴിയൂർ എന്ന വിദ്യാർത്ഥിനി എസ്.സി വിഭാഗത്തിൽ പെടുന്നതാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല

പ്രോജക്ട് നം. 51/17

1. പ്രവീൺ, S/o പ്രദീപ്, പാണ്ടിയത്തറയിൽ എന്ന വിദ്യാർത്ഥിയുടെ സ്കൂൾ സർട്ടിഫിക്കറ്റിൽ ഏത്

ക്ലാസ്സിൽ പഠിക്കുന്നു എന്ന് രേഖപ്പെടുത്തിയിട്ടില്ല.

2.അശ്വതി.എൻഎസ്, D/o ഷാജി, നീലത്ത്, എടക്കഴിയൂർ എന്ന വിദ്യാർത്ഥിനി എസ്.സി വിഭാഗത്തിൽ പെടുന്നതാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല

3. നടാഷ ഗംഗാധരൻ, കോമത്ത് ഹൗസ്, എടക്കഴിയൂർ, അനഘ.എം.പി, മച്ചിങ്ങൾ ഹൗസ്, പുന്നയൂർ എന്നീ വിദ്യാർത്ഥിനികളുടെ സ്കൂളിൽ നിന്നുള്ള സാക്ഷ്യപത്ര പ്രകാരം ഇവർ 2015-16 വർഷത്തിൽ ആണ് പത്താം തരത്തിൽ പഠിച്ചിരുന്നത്. അതായത് ഇപ്രകാരം 10 ◌ാം തരം കഴിഞ്ഞ വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകിയത് സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. പ്രോജക്ടുകളുടെ ചെലവുകൾക്ക് ആധാരമായ രേഖകൾ ഹാജരാക്കാത്തതിനാൽ 207438/- രൂപ തടസ്സപ്പെടുത്തുകയും, അനർഹമായി അനുവദിച്ച 2 പെൺകുട്ടികളുടെ സൈക്കിൾ വിലയായ 7752/- രൂപ നിരാകരിക്കുകയും ചെയ്യുന്നു.

# 3-17 ലാപ് ടോപ്പ് വിതരണം - അപാകതകൾ

ലാപ് ടോപ്പ് വിതരണത്തിനായി തൻവർഷം രണ്ട് പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്.

1) പി ജി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം

പ്രോജക്ട് നം. 55/17

ബിൽ നം 12/16-17 തിയതി. 31.3.17 തുക 325000

2) ജി.എഫ്. യു.പി സ്കൂൾ മന്ദലാംകുന്നിന് ലാപ് ടോപ്പ്

പ്രോജക്ട് നം. 56/17

ബിൽ നം 13/16-17 തിയതി. 31.3.17 തുക 25000

മേൽ രണ്ട് പദ്ധതികളിലും ടെണ്ടർ / ക്വട്ടേഷൻ നടപടികളിലൂടെ Zeta IT Innovations Pvt. Ltd എന്ന സ്ഥാപനത്തിൽ നിന്നും ലാപ്ടോപ്പ് വാങ്ങി പി ജി വിദ്യാർത്ഥികൾക്കും മന്ദലാംകുന്ന് സ്കൂളിനുമാണ് വിതരണം നടത്തിയിരിക്കുന്നത്. പദ്ധതി നടത്തിപ്പുകളിൽ കണ്ടെത്തിയ പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

1.പ്രോജക്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2.വാങ്ങലിന് പഞ്ചായത്ത് കമ്മിറ്റിയുടേയോ, പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെയോ തീരുമാനം ഉള്ളതായി കാണുന്നില്ല.

3.സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

മറ്റ് അപാകതകൾ

പ്രോജക്ട് നം. 55/17

1.ടെണ്ടർ നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

2. ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചുകൊണ്ടുള്ള കമ്മിറ്റിയുടെ തീരുമാനം ലഭ്യമാക്കിയിട്ടില്ല.

3. വിദ്യാർത്ഥികൾ ലാപ് ടോപ്പ് കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

4. ദീപ്തി.പി.വി, D/o വേലായുധൻ, പെങ്ങാട്ട് ഹൗസ്, പുന്നയൂർ എന്ന വിദ്യാർത്ഥിനി ഹാജരാക്കിയ 13.7.16 ലെ കോളേജ് സാക്ഷ്യപത്ര പ്രകാരം 2014-16 വർഷത്തിലാണ് വിദ്യാർത്ഥി ആയിരുന്നത്. ആനുകൂല്യം നൽകുന്ന/പദ്ധതി നടപ്പിലാക്കുന്ന സമയത്ത് ടിയാരി വിദ്യാർത്ഥിനിയല്ല. ആയതിനാൽ തന്നെ ടിയാരിക്ക് ലാപ് ടോപ്പിന് അർഹതയില്ലാത്തതാണ്. അനർഹമായി ലാപ്ടോപ്പ് നൽകിയതിന് അനുവദിച്ച തുക (25000)തിരികെ ഈടാക്കേണ്ടതാണ്.

5. ഷിൽജി.എം.എ, മൂന്നുപറമ്പിൽ ഹൗസ്, അവിയൂർ എന്ന വിദ്യാർത്ഥിനി എസ് സി വിഭാഗത്തിൽപ്പെടുന്നതാണെന്ന് തെളിയിക്കുന്നതിനുള്ള ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

രേഖകളുടെ അഭാവത്തിൽ ചെലവ് തുക 325000 തടസ്സപ്പെടുത്തുന്നു

## 3-18 പ്രീ പ്രൈമറി സ്കൂളിലേക്ക് ഫർണ്ണിച്ചർ - ആവശ്യകത നിർണ്ണയിക്കാതെ വാങ്ങിയതുമൂലം സ്കൂളുകൾ കൈപ്പറ്റിയില്ല.

പ്രോജക്ട് നം. 53/17

ബിൽ നം 6/16-17 തിയതി. 25.3.17 തുക 100000

പഞ്ചായത്ത് പരിധിയിലുള്ള 6 പ്രീ പ്രൈമറി സ്കൂളുകളിലേക്ക് വിതരണം ചെയ്യുന്നതിനാണ് വാറ്റുൾപ്പെടെ 100007 രൂപ വില വരുന്ന 10 സ്റ്റഡി ടേബിൾ KADCO ൽ നിന്ന് വാങ്ങിയിരിക്കുന്നത്. എന്നാൽ ആവശ്യമായ ഫർണ്ണിച്ചറുകളുടെ വിവരം സ്കൂളുകളിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തന്നെ 6 സ്കൂളുകളിലേക്കായി വാങ്ങിയ ടേബിളുകളിൽ 3 സ്കൂളുകൾ 2 എണ്ണം വീതം കൈപ്പറ്റുകയും ബാക്കി ജി.എം.എൽ.പി.എസ് പുന്നയൂർ നോർത്ത് സ്കൂളിന്റെ സ്റ്റോക്കിലെടുത്ത് സൂക്ഷിച്ചിരിക്കുകയുമാണ് ചെയ്തിരിക്കുന്നത്. കൃത്യമായ ആവശ്യകത നിർണ്ണയിക്കാതെ വാങ്ങിയതിനാലാണ് ഇത്തരത്തിൽ പദ്ധതി പണം പാഴ് ചെലവാകാനിടയായത് .

ജി എൽ പി എസ് പുന്നയൂരിന് അനുവദിച്ച 2 സ്റ്റഡി ടേബിളുകൾ സ്കൂൾ അധികൃതർ കൈപ്പറ്റിയിട്ടില്ല.

സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും വിതരണ വിവരം മാത്രമാണ് രേഖപ്പെടുത്തുന്നത്. വാങ്ങിയ സ്ഥാപനത്തിന്റെ വിവരം, ഇൻവോയ്സ് നം, വാങ്ങിയ എണ്ണത്തിന്റെ വിവരം എന്നീ വിവരങ്ങളൊന്നും രേഖപ്പെടുത്തുന്നില്ല. പദ്ധതി പണം പാഴ് ചെലവാകാനിടയായതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-19 സ്കൂളുകൾക്ക് വേണ്ടി ഫർണ്ണിച്ചർ

പ്രോജക്ട് നം. 52/17

ബിൽ നം 5/16-17 തിയതി. 25.3.17 തുക 400000

പഞ്ചായത്ത് പരിധിയിലുള്ള 6 സ്കൂളുകൾക്ക് വിതരണം ചെയ്യുന്നതിനായി 55 ബഞ്ചും 55

ഡസ്കും KADCO ൽ നിന്നും വാങ്ങിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്ഥാപനത്തിന്റെ അക്കൌണ്ടിലേക്ക് തുക കൈമാറിയിട്ടുണ്ടെങ്കിലും സ്ഥാപനത്തിന്റെ കൈപ്പറ്റ് രശീതി ഹാജരാക്കിയിട്ടില്ല.

2. സ്റ്റോക്ക് എന്ട്രി വരുത്താതെ വിതരണവിവരം മാത്രമാണ് സ്റ്റോക്കിൽ ചേർത്തിരിക്കുന്നത്.

3. ജി എൽ പി എസ് പുന്നയൂർ ഫർണ്ണിച്ചറുകൾ കൈപ്പറ്റിയതായി കാണുന്നില്ല.

4.സ്കൂളുകളിൽ നിന്നും ആവശ്യമായ ഫർണ്ണിച്ചറുകളുടെ വിവരം ശേഖരിച്ചതിനനുസരിച്ചല്ല വാങ്ങൽ നടത്തിയിരിക്കുന്നത്.

5. പ്രോജക്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

6. ജി എഫ് യു പി എസ് മന്ദലാംകുന്ന്, ജി എം എൽ പി എസ് എടക്കഴിയൂർ എന്നീ സ്കൂളുകൾ ഫർണ്ണിച്ചർ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-20 സ്കൂളുകൾക്ക് വാട്ടർ ഫിൽട്ടർ, മൈക്ക് സെറ്റ്, മിക്സർ ഗ്രൈന്റർ - പദ്ധതി നടത്തിപ്പുകളിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥ : എച്ച്.എം, ജി എം.എൽ.പി.എസ്, പുന്നയൂർ

I. സ്കൂളുകൾക്ക് വാട്ടർ ഫിൽട്ടർ

പ്രോജക്ട് നം. 62/17

ബിൽ നം10 /16-17 തിയതി. 28.3.17 തുക 106800

പഞ്ചായത്ത് പരിധിയിലുള്ള 12 സ്കൂളുകളിലേക്ക് വാട്ടർ വേൾഡ് കൺസൾട്ടൻസി & സൊല്യൂഷൻസ് എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടികളിലൂടെയാണ് വാട്ടർ ഫിൽട്ടർ വാങ്ങിയിരിക്കുന്നത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് ഹാജരാക്കിയിട്ടില്ല.

2. ടെണ്ടർ നോട്ടീസ് നൽകിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തന്നെ സ്പെസിഫിക്കേഷൻ പ്രകാരമുള്ളത് തന്നെയാണോ ടെണ്ടർ വെച്ചിട്ടുള്ളത് എന്നും വിതരണം നടത്തിയിട്ടുള്ളത് എന്നതും വ്യക്തമല്ല.

3. ടെണ്ടർ പഞ്ചായത്ത് കമ്മിറ്റിയോ പ്രൊക്യൂർമെന്റ് കമ്മിറ്റിയോ അംഗീകരിച്ചതിന്റെ തീരുമാനം ഹാജരാക്കിയിട്ടില്ല.

4. 12 സ്കൂളുകൾക്ക് വിതരണം ചെയ്തതിൽ എഡി എൽ പി എസ്, കുരഞ്ഞിയൂർ, എസ് എസ് എം എച്ച് എസ് എസ്, എടക്കഴിയൂർ എന്നീ സ്കൂൾ അധികൃതർ വാട്ടർ ഫിൽട്ടർ കൈപ്പറ്റിയതായി കാണുന്നില്ല.

5. മുദ്ര പത്രത്തിൽ കരാർ വ്യവസ്ഥകൾ എഴുതി ചേർത്തിട്ടില്ല.

6.സ്ഥാപനത്തിന്റെ കൈപ്പറ്റ് രശീതി ഹാജരാക്കിയിട്ടില്ല.

7. സപ്ലൈ ഓർഡർ നൽകിയതായി കാണുന്നില്ല.

8. നിരതദ്രവ്യം, സെക്യൂരിറ്റി ഡെപ്പോസിറ്റ് അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

9. ടെണ്ടർ പ്രകാരം വാട്ടർ ഫിൽട്ടർ പ്രവർത്തനസജ്ജമാക്കേണ്ടത് സ്ഥാപനമാണെന്നിരിക്കെ എല്ലാ സ്കൂളുകളിലും സ്ഥാപിച്ചിട്ടില്ല.
10. വാട്ടർ ഫൽട്ടർ വാങ്ങിയത് ഏയ്ഡഡ് സ്കൂളുകൾക്കു കൂടി വിതരണം നടത്തിയിട്ടുണ്ട്. അപ്രകരാം ഏയ്ഡഡ് സ്കൂളുകളിലേക്ക് വിതരണം ചെയ്തതിന് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

II. സ്കൂളുകൾക്ക് മൈക്ക് സെറ്റ്

പ്രോജക്ട് നം. 63/17

ബിൽ നം8 /16-17 തിയതി. 28.3.17 തുക 65000

പഞ്ചായത്ത് പരിധിയിലുള്ള 3 സ്കൂളുകളിലേക്ക് AT Electronics എന്ന സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ നടപടികളിലൂടെയാണ് വാങ്ങിയിരിക്കുന്നത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ക്വട്ടേഷൻ നോട്ടീസ് നൽകിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

2.ക്വട്ടേഷൻ പഞ്ചായത്ത് കമ്മിറ്റിയോ പ്രൊക്യൂർമെന്റ് കമ്മിറ്റിയോ അംഗീകരിച്ചതിന്റെ തീരുമാനം ഹാജരാക്കിയിട്ടില്ല.

3.സപ്ലൈ ഓർഡർ നൽകിയതായി കാണുന്നില്ല.

4. സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്കാണ് തുക കൈമാറിയത്. കൈപ്പറ്റ് രശീതി ഹാജരാക്കിയിട്ടില്ല.

III.സ്കൂളുകൾക്ക് മിക്സർ ഗ്രൈന്റർ

പ്രോജക്ട് നം. 64/17

ബിൽ നം 9 /16-17 തിയതി. 28.3.17 തുക 59940

പഞ്ചായത്ത് പരിധിയിലുള്ള 12 സ്കൂളുകളിലേക്ക് Freeze Link Home Appliances എന്ന സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ നടപടികളിലൂടെയാണ് വാങ്ങിയിരിക്കുന്നത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.പ്രോജക്ട് ഹാജരാക്കിയിട്ടില്ല.

2.സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്കാണ് തുക കൈമാറിയത്. കൈപ്പറ്റ് രശീതി ഹാജരാക്കിയിട്ടില്ല.

3. വാങ്ങലിന് / ക്വട്ടേഷന് പഞ്ചായത്ത് കമ്മിറ്റിയോ പ്രൊക്യൂർമെന്റ് കമ്മിറ്റിയോ

അംഗീകരിച്ചതിന്റെ തീരുമാനം ഹാജരാക്കിയിട്ടില്ല.

4.ക്വട്ടേഷൻ നോട്ടീസ് പ്രസിദ്ധപ്പെടുത്തിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

5.സ്ഥാപനവുമായി കരാർ വെച്ചതായി കാണുന്നില്ല.

6. ട്രഷറി ബിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

7.എഡി എൽ പി എസ്, കുരഞ്ഞിയൂർ, എസ് എസ് എം എച്ച് എസ് എസ്, എടക്കഴിയൂർ, എ യു പി എസ്, അകലാട് എന്നീ സ്കൂൾ അധികൃതർ മിക്സർ ഗ്രൈന്റർ കൈപ്പറ്റിയതായി കാണുന്നില്ല.

രേഖകളുടെയും നടപടിക്രമങ്ങളുടെയും അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-21 തുല്യത പഠനം- രേഖകൾ ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥ : എച്ച്.എം, ജി എം.എൽ.പി.എസ്, പുന്നയൂർ

പ്രോജക്ട് നം. 45/17

ബിൽ നം. 11/16-17 തിയതി. 30.3.17 തുക 44800

പദ്ധതിയിൽ മേൽ ബിൽ പ്രകാരം തുക പിൻവലിച്ച് കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയ്ക്ക് 28 പഠിതാക്കളുടെ കോഴ്സ് ഫീസ് ആയിട്ടാണ് അക്കൗണ്ടിലേക്ക് കൈമാറിയിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിന്റെ കൈപ്പറ്റ് രശീതി ഹാജരാക്കിയിട്ടില്ല. പ്രോജക്ടും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഗുണഭോക്തൃലിസ്റ്റ് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതായി കാണുന്നില്ല. കൂടാതെ പഠിതാക്കളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരം, കോഴ്സിൽ പങ്കെടുത്തതിന്റെ അറ്റൻഡൻസ് എന്നീ രേഖകളും ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 44800/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-22 പ്രവർത്തനമാരംഭിച്ചിട്ടില്ലാത്ത പകൽവീടിനുവേണ്ടി ഉപകരണങ്ങൾ വാങ്ങി സൂക്ഷിച്ചിരിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

പ്രോജക്ടിന്റെ പേര് : പുന്നയൂർ പി.എച്ച്.സി യിലെ പകൽവീടിനാവശ്യമായ ഉപകരണങ്ങൾ

പ്രോജക്ട് നം. 80/17

ബിൽ നം 10/16-17 തിയതി. 31.3.17 തുക 180000

2016-17 സാമ്പത്തികവർഷം പുന്നയൂർ പി.എച്ച്.സി യിൽ വൃദ്ധർക്കും അവശജനങ്ങൾക്കും പകൽവീടിന്റെ ഭൗതിക സാഹചര്യമൊരുക്കൽ എന്ന പ്രൊജക്ടിനായി (പ്രൊജക്ട് നം.157/17) വികസനഫണ്ടിൽ നിന്നും 700000/- രൂപ വകയിരുത്തിയെങ്കിലും അസി.എഞ്ചിനീയർ മേൽ പ്രൊജക്ട് നടപ്പാക്കുകയുണ്ടായില്ല. എന്നാൽ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി യെ നിർവ്വഹണം

ഏൽപ്പിച്ച പ്രൊജക്ട് അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെ തന്നെ നിർവ്വഹണം നടത്തുകയും ചെയ്തു. പുന്നയൂർ പി.എച്ച്.സി യിലെ പകൽവീടിനാവശ്യമായ ഉപകരണങ്ങൾ സെൻട്രൽ സർജിക്കൽസ്, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിരിക്കുന്നത്. വാങ്ങലുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാങ്ങലുകൾക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

(2) സ്ഥാപനത്തിന്റെ അക്കൗണ്ടുകളിലേക്കാണ് തുക കൈമാറിയത് . എന്നാൽ സ്ഥാപനങ്ങളുടെ കൈപ്പറ്റ് രശീതി ഹാജരാക്കിയിട്ടില്ല.

(3) വാങ്ങലിന് പഞ്ചായത്ത് കമ്മിറ്റിയുടെയോ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെയോ തീരുമാനം ഉള്ളതായി കാണുന്നില്ല.

(4) ഇൻവോയ്സുകളിൽ സ്റ്റോക്ക് എൻട്രി സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിട്ടില്ല.

(5)സ്ഥാപനങ്ങളുമായി കരാർ വെച്ചിട്ടില്ല.

1.11.17 ന് സ്ഥല പരിശോധനയുടെ ഭാഗമായി പുന്നയൂർ പി.എച്ച്.സി യിലെ പകൽവീട് സന്ദർശിച്ചതിൽ നാളിതുവരെ പകൽവീട് പ്രവർത്തനമാരംഭിച്ചിട്ടില്ല എന്ന് കാണാൻ സാധിച്ചു. മാത്രമല്ല ഇപ്പോഴും സ്ഥാപനത്തിന്റെ പണി പൂർത്തിയായിട്ടുമില്ല. ഇപ്രകാരം പ്രവർത്തനമാരംഭിച്ചിട്ടില്ലാത്ത ഒരു സ്ഥാപനത്തിന് വേണ്ടി ഉപകരണങ്ങൾ വാങ്ങി സൂക്ഷിച്ചിരിക്കുന്നത് ശരിയായ നടപടിയല്ല. മാത്രമല്ല പണി നടക്കുന്ന സ്ഥലത്ത് ട്രെഡ് മില്ല്, വാട്ടർ ഫിൽറ്റർ, ടെലിവിഷൻ തുടങ്ങിയ വിലകൂടിയ ഉപകരണങ്ങൾ യാതൊരു സുരക്ഷിതത്വവുമില്ലാതെ സൂക്ഷിച്ചിരിക്കുന്നതായും കാണാൻ സാധിച്ചു. പ്രവർത്തനമാരംഭിച്ചിട്ടില്ലാത്ത സ്ഥാപനത്തിന് വേണ്ടി മുൻകൂട്ടി വാങ്ങി സൂക്ഷിക്കുവാനുണ്ടായ സാഹചര്യത്തിനും ട്രെഡ് മില്ല് പോലുള്ള ഒരു ഉപകരണത്തിന്റെ ആവശ്യകത നിർണ്ണയിച്ചതിനുശേഷമാണോ വാങ്ങിയിട്ടുള്ളത് എന്നതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ് .
രേഖകളുടെയും നടപടിക്രമങ്ങളുടെയും അഭാവത്തിൽ ചെലവ് തുക 180000 തടസ്സപ്പെടുത്തുന്നു.

## 3-23 പി.എച്ച്.സി യിലേക്കും ജീവിതശൈലി രോഗങ്ങൾക്കും മരുന്ന് വാങ്ങൽ - അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

(1) പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ

പ്രോജക്ട് നം. 29/17

ബിൽ നം 6/16-17 തിയതി. 31.3.17 തുക 200000

(2) ജീവിതശൈലി രോഗങ്ങൾക്ക് മരുന്ന് നൽകൽ

പ്രോജക്ട് നം. 30/17

ബിൽ നം 5/16-17 തിയതി. 31.3.17 തുക 150000

മേൽ രണ്ട് പദ്ധതികളിലേക്കും മരുന്നുകൾ വാങ്ങിയിരിക്കുന്നത് നീതി മെഡിക്കൽ സ്റ്റോർ,

തങ്കമണി എന്ന സ്ഥാപനത്തിൽ നിന്നാണ്. പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(1)സ്ഥാപനത്തിന്റെ അക്കൗണ്ടുകളിലേക്കാണ് തുക കൈമാറിയത്. എന്നാൽ സ്ഥാപനത്തിന്റെ കൈപ്പറ്റ് രശീതി ഹാജരാക്കിയിട്ടില്ല.

(2)ഇൻവോയ്സുകളിൽ സ്റ്റോക്ക് എൻട്രി സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിട്ടില്ല.

(3)വാങ്ങലുകൾക്ക് പഞ്ചായത്ത് കമ്മിറ്റിയുടെയോ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെയോ തീരുമാനം ഉള്ളതായി കാണുന്നില്ല.

(4)സർക്കാർ ഉത്തരവ് ( സാധാ) നം. 397/2017 തസ്വ ഭ വ തി. 13.2.17 പ്രകാരം ആരോഗ്യ വകുപ്പിൽ നിന്നോ KMSCL ൽ നിന്നോ മരുന്ന് ലഭിക്കാൻ താമസമുണ്ടായാൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേമായി നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും വാങ്ങാം എന്ന് പറയുന്നു. എച്ച്.എം.സി അംഗീകാരം വാങ്ങിയതായി കാണുന്നില്ല.

രേഖകളുടെയും നടപടിക്രമങ്ങളുടെയും അഭാവത്തിൽ ചെലവ് തുക 350000 തടസ്സപ്പെടുത്തുന്നു

# 3-24 ഭവന പുനരുദ്ധാരണം (എസ്.സി.പി) - അപാകതകൾ

പ്രോജക്ട് നമ്പർ - 50/17.

അടങ്കൽ - 15,00,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. സെക്രട്ടറി.

ബിൽ നമ്പർ - 4/16-17 തീയതി - 27-3-17.

ചെലവ് - 4,00,000/-

മേൽ പദ്ധതി പ്രകാരം പുന്നയൂർ ഗ്രാമപഞ്ചായത്ത് 2016-17 വർഷത്തിൽ 16 ഗുണഭോക്താക്കൾക്ക് 25,000/- രൂപ വീതം അനുവദിച്ചിട്ടുണ്ട്. ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ അപേക്ഷകളും അർഹത തെളിയിക്കുന്ന രേഖകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ധനസഹായം കൈപ്പറ്റിയ 3 ഗുണഭോക്താക്കൾ (അയ്യപ്പ പെരിങ്ങാട്, നാരായണി കോഴപ്പാട്ട്, കറപ്പൻ തേത്തയിൽ) ഹാജരാക്കിയ ഓണർഷിപ്പ് സർട്ടിഫിക്കറ്റിൽ കെട്ടിടത്തിന്റെ കാലപ്പഴക്കം രേഖപ്പെടുത്തിയിട്ടില്ല.

2. ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ സ്റ്റാമ്പ് രശീതിയിൽ ഡി.ഡി. നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

3 അമ്മിണി ചീരംകാവ് എന്ന ഗുണഭോക്താവ് ധനസഹായം കൈപ്പറ്റിയതിന്റെ സ്റ്റാമ്പ് രശീതി ഹാജരാക്കിയിട്ടില്ല.

മേൽ പറഞ്ഞ അപാകതകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ, അപാകതകൾ പരിഹരിക്കുന്നതുവരെ ടി ഇനത്തിൽ ചെലവഴിച്ച 4,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ 01/16-17 തീയതി - 26-10-2017).

## 3-25 അംഗൻവാടി കെട്ടിടനിർമ്മാണം-പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണം-ഗ്രാമപഞ്ചായത്ത് സെക്രട്ടറി

2016-17 സാമ്പത്തികവർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ അംഗൻവാടി കെട്ടിടനിർമ്മാണ പ്രൊജക്ടുകൾക്കായി താഴെ പറയും പ്രകാരം തുക കോസ്റ്റ്ഫോർഡിന് അനുവദിച്ചിരുന്നു. 2016-17 ൽ തുക അനുവദിച്ചതിന്റെയും, നാളിതുവരെയുള്ള പ്രവൃത്തി പുരോഗതിയുടെയും വിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നം | ട്രഷറി ബിൽ നം/തിയതി | അനുവദിച്ച തുക | നിലവിലെ പ്രവൃത്തി പുരോഗതി |
|---|---|---|---|
| 147/17 | 37/30.3.17 | 200000 | സ്ഥലം മണ്ണിട്ടു നികത്തുന്നതിന് ഗ്രാമപഞ്ചായത്ത് തീരുമാനമായി |
| 149/17 | 38/30.3.17 | 200000 | സ്ഥലം മണ്ണിട്ടു നികത്തുന്നതിന് ഗ്രാമപഞ്ചായത്ത് തീരുമാനമായി |
| 205/17 | 34/27.3.17 | 200000 | വാർപ്പ് എത്തി |
| 206/17 | 36/30.3.17 | 200000 | വാർപ്പ് പൂർത്തിയായി. |

2016-17 ൽതുക നൽകിയതിന് ശേഷം 2017-18 ൽ ഓഡിറ്റ് തീയതിവരെയുള്ള കാലയളവിലും 200000/- രൂപ വീതം കോസ്റ്റ് ഫോർഡിന് തുക കൈമാറിയിട്ടുണ്ട്. എന്നാൽ കൈമാറിയ തുകയ്ക്കുള്ള പ്രവൃത്തി ക്രമനം1, 2 എന്നിവയിൽ ചെയ്യിട്ടില്ല. അംഗൻവാടി കെട്ടിടനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-26 ടാങ്കർ ലോറി കുടിവെള്ളവിതരണം-അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

2016-17 സാമ്പത്തികവർഷം തനതുഫണ്ടിൽ നിന്നും ടാങ്കർലോറി കുടിവെള്ളവിതരണത്തിന് 500000/- രൂപ വകയിരുത്തുകയും (പ്രൊജക്ട് നം-72/17)ചെക്ക് നം.308349/21.6.16 പ്രകാരം 461214/- രൂപ ഈയിനത്തിൽ കരാറുകാരന് തുക അനുവദിക്കുകയും ചെയ്തു.

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25.4.16 ലെ 3(4) നം തീരുമാനത്തിൽ 2.4.16 ലെ 4(4) പ്രകാരം കുടിവെള്ളത്തിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ ആരും ടെണ്ടർ സമർപ്പിക്കാത്തതിനാലും, ഇനി ആരും തന്നെ ടെണ്ടർ സമർപ്പിക്കാൻ സാധ്യതയില്ലാത്തതിനാലും കഴിഞ്ഞ വർഷം ടെണ്ടർ

ഏറ്റെടുത്ത ശ്രീ.നൗഫലിനെ ഏൽപ്പിക്കാൻ തീരുമാനിച്ചു. റീ ടെണ്ടർ ക്ഷണിച്ചതിനുശേഷം മാത്രമേ നേരിട്ട് ഏൽപ്പിക്കാവൂ എന്ന് സെക്രട്ടറി യോഗത്തെ അറിയിച്ചെങ്കിലും സെക്രട്ടറിയുടെ നിർദ്ദേശത്തെ മറികടന്ന് കുടിവെള്ളവിതരണം നേരിട്ട് ഏൽപ്പിക്കാൻ തീരുമാനിച്ചു. ഭരണസമിതിയുടെ 16.6.16 ലെ 3(38) തീരുമാനപ്രകാരം കുടിവെള്ള ക്ഷാമം നേരിടുന്നതിനായി ടാങ്കർലോറിയിൽ കുടിവെള്ളവിതരണം ചെയ്യുന്നതിന് പഞ്ചായത്ത് ചുമതലപ്പെടുത്തിയശ്രീ.നൗഫൽ എന്നിവർ പ്രവൃത്തി ചെയ്തതിന്റെ ബില്ലുകൾ ഹാജരാക്കിയ സാഹചര്യത്തിൽ നിയമപരമായ കിഴിവുകൾ കഴിച്ച് ബാക്കിതുകയായ 461214/- രൂപ അനുവദിക്കുന്നതിന് തീരുമാനിച്ചു. ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1.2.4.16 ൽ നടത്തിയ ടെണ്ടർ ഫയൽ ഹാജരാക്കിയിട്ടില്ല.

2.റീടെണ്ടർ നടപടികൾ സ്വീകരിക്കാതെ നേരിട്ട് കരാറുകാരനെ ഏൽപ്പിച്ചു.

3.25.4.16 ൽ കരാറുകാരനെ ഏൽപ്പിക്കാൻ തീരുമാനിച്ചതെങ്കിലും ഹാജരാക്കിയ ട്രിപ് ഷീറ്റുകൾ പ്രകാരം 1.4.16 മുതൽ കുടിവെള്ളവിതരണം ആരംഭിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

4.21.6.16 ൽ ബിൽപ്രകാരമുള്ള തുക കരാറുകാരന് നൽകിയതിനുശേഷം അന്നു തന്നെ ഇ.എം.ഡി അടവാക്കികാണുന്നു.(രസീതി.നം.11604101450/21.6.16-തുക25000/-). പ്രവൃത്തി ഏൽപ്പിക്കുമ്പോൾ ഇ.എം.ഡി തുക ഈടാക്കുന്നതിനു പകരം ബിൽ തുക നൽകി കഴിഞ്ഞതിനു ശേഷം ഇ.എം.ഡി ഈടാക്കിയതിന്റെ കാരണം വ്യക്തമല്ല. ഇപ്രകാരം ഈടാക്കിയ ഇ.എം.ഡി 3/17 ൽ റീഫണ്ട് ചെയ്തു നൽകിയിട്ടുമുണ്ട്.

5.ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം ശ്രീ.നൗഫലിനെയാണ്(മേൽവിലാസം ലഭ്യമല്ല) പ്രവൃത്തി ഏൽപ്പിക്കുന്നതിന് തീരുമാനമെടുത്തു കാണുന്നത്. എന്നാൽ കരാർ, ഇ.എം.ഡി രസീത് എന്നിവയിലും തുക കൈമാറിയിട്ടുള്ളതും ശ്രീ.മൻസൂർ, കുന്നമ്പത്ത് ഹൗസ്, എടക്കര എന്ന പേരിലാണ്. രണ്ടു പേരും ഒരാളാണെന്നു തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല

6.ഫയലിനോടൊപ്പം ഹാജരാക്കിയ ട്രിപ്പ് ഷീറ്റിൽ വാഹനനമ്പർ ഇല്ല. ഏതുതരം വാഹനമാണെന്നോ, എത്ര ലിറ്റർ വെള്ളം ഉൾക്കൊള്ളാൻ കഴിയുന്ന വാഹനമാണോ എന്നത് രേഖപ്പെടുത്തിയിട്ടില്ല. വാഹന ഡ്രൈവറുടെ ലൈസൻസ് നം, ബാഡ്ജ് നം എന്നിവ ഇല്ല. വാഹനഉടമയുടെ പേരും രേഖപ്പെടുത്തിയിട്ടില്ല

7.ജലസ്രോതസ് സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല. വിതരണം ചെയ്ത കുടിവെള്ളം ഉപയോഗയോഗ്യമാണോ എന്നത് പരിശോധിച്ച് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

8.ഓരോ വാർഡിലും വിതരണം നടത്തേണ്ട സ്ഥലങ്ങൾ സംബന്ധിച്ച് ഭരണസമിതി തീരുമാനം എടുത്തതായി കാണുന്നില്ല.

9.ഓരോ ദിവസവും കുടിവെള്ളം വിതരണം നടത്തിയ സ്ഥലം, അളവ് എന്നിവ സംബന്ധിച്ച് വാർഡു മെമ്പറോ, കുടുംബശ്രീ എഡിഎസോ സാക്ഷ്യപ്പെടുത്തി നൽകിയിട്ടില്ല.

ഇപ്രകാരം ആവശ്യമായ രേഖകൾ സമർപ്പിക്കാതെ വാഹനത്തിന്റെ ട്രിപ്ഷീറ്റിൽ കരാറുകാരൻ രേഖപ്പെടുത്തിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ മുഴുവൻ തുകയും അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണ്. ആയതുവരെ ഈയിനത്തിൽ ചെലവു ചെയ്ത 461214/- രൂപ

തടസ്സപ്പെടുത്തുന്നു.

## 3-27 പരിരക്ഷ – പെയിൻ ആന്റ് പാലിയേറ്റീവ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

പ്രോജക്റ്റ് നം. 31/17

1)ബിൽ നം 9/16-17 തിയതി. 31.3.17 തുക 129205

2)ബിൽ നം 3/16-17 തിയതി. 6.3.17 തുക 63720

3)ബിൽ നം 1/16-17 തിയതി. 20.11.16 തുക 107075

പെയിൻ ആന്റ് പാലിയേറ്റീവിനായി വാഹനം ഓടുന്നതിന് ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവുംകുറവ് നിരക്ക് രേഖപ്പെടുത്തുന്ന വാഹനമായിരിക്കണം വാടകയ്ക്ക് എടുക്കേണ്ടത്. ആയതിന് പി.എം.സി അംഗീകാരം വാങ്ങേണ്ടതുമാണ്. ഇതിന്റെ കാലാവധി 6 മാസം ആണ്. കാലാവധി തീരുന്നതിന് മുമ്പ് അടുത്ത ക്വട്ടേഷൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ മേൽ പ്രകാരം ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതായോ പി.എം.സി അംഗീകാരം ലഭിച്ചതായോ കാണുന്നില്ല.

1.12.16 മുതൽ 31.3.17 വരെ വാഹനം( KL 46L 3598) ഓടിയ വകയിൽ സുൽഫിക്കർ എന്ന വ്യക്തിയ്ക്ക് 40000 രൂപ ബിൽ നമ്പർ 1 പ്രകാരം മാറി നൽകിയിട്ടുണ്ട്. പാലിയേറ്റീവ് മാർഗ്ഗരേഖ പ്രകാരം 15 കി. മീ. മുകളിൽ ഓടുന്നതിനാണ് 800 രൂപ അനുവദനീയമായിട്ടുള്ളത്. എന്നാൽ ട്രിപ്പ് ഷീറ്റ് പ്രകാരം 15 കി. മീ.ന് താഴെ ഓടിയതിനും 800 രൂപ അനുവദിച്ച് കാണുന്നുണ്ട്. എന്നാൽ Halt എല്ലാത്തിലും ഒരു മണിക്കൂർ എന്നാണ് കാണിച്ചിരിക്കുന്നതും .

4/16 മുതൽ 8/16 വരെയും 9/16 മുതൽ 11/16 വരെയും വാഹനം ഓടിയ വകയിൽ ഷാജി.എം.കെ, കറുപ്പംവീട്ടിൽ എന്നയാൾക്കാണ് തുക അനുവദിച്ചിരിക്കുന്നത്. (28000+ 48000 ( ബിൽനം 2&3) മേൽ രണ്ട് പേരുടെയും വാഹന നമ്പറും ലൈസൻസ് നമ്പറും ഒന്നായാണ് ട്രിപ്പ് ഷീറ്റ് പരിശോധിച്ചതിൽ കാണുന്നത്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കിയതുമില്ല. മേൽ പ്രകാരമുള്ള അപാകത പരിശോധിച്ച് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.22/30.10.17).

## 3-28 ആശ്രയ -അക്കൗണ്ടിൽ നീക്കിയിരുപ്പുള്ള തുകയെ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല.

1. ആശ്രയ-അക്കൗണ്ടിൽ 31.3.17 ൽ (പുന്നയൂർ പഞ്ചായത്ത് സർവ്വീസ് സഹകരണബാങ്ക്-a/c no.102100010003796) നീക്കിയിരിപ്പായി അവശേഷിച്ചിരിക്കുന്നത് 31,90,308/- രൂപ. 2016-17 സാമ്പത്തികവർഷം ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കുള്ള വിഹിതമായി ട്രഷറി ബിൽ നം.24/9.3.17 പ്രകാരം 300000/- രൂപ സിഡിഎസ്, പുന്നയൂരിന് അനുവദിച്ചിട്ടുണ്ട്. ആയത് 23.3.17 ൽ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ആശ്രയ അക്കൗണ്ടിൽ 1.4.16 ൽ മുന്നിരിപ്പായി 3201199/-രൂപയും, 31.3.17 ലെ നീക്കിയിരിപ്പായി 3190308/- രൂപയും ഉണ്ട്.

ആശ്രയ ഒന്നാംഘട്ടത്തിലെ 96 ഗുണഭോക്താക്കളിൽ നിന്നും 16 പേരെ ഉൾപ്പെടുത്തി 86 പേർ

അടങ്ങുന്ന രണ്ടാംഘട്ടം പ്രൊജക്ട് നടപ്പാക്കിവരുന്നു. ആദ്യഘട്ട പ്രൊജക്ടിലെ 80 ഗുണഭോക്താക്കൾക്കാവശ്യമായ സേവനങ്ങൾ മുഴുവൻ ലഭ്യമാക്കിയിട്ടുണ്ടോ എന്നത് വ്യക്തമല്ല. ഗുണഭോക്താക്കളിൽ സേവനം ആവശ്യമുള്ള ഗുണഭോക്താക്കൾ ഉണ്ടായിട്ടും പദ്ധതിപണം വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന നടപടി ശരിയല്ല. അക്കൗണ്ടിലുള്ള തുകയിൽ പ്ലാൻഫണ്ട്, ചലഞ്ച് ഫണ്ട് നീക്കിയിരിപ്പുകളുടെ വിശദാംശം അറിയിക്കേണ്ടതും, ആശ്രയയിൽ ഉൾപ്പെട്ട അർഹരായ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം പ്ലാൻഫണ്ട് വിഹിതം തിരികെ അടവാക്കേണ്ടതുമാണ്.

## 3-29 കമ്പോസ്റ്റ് പിറ്റ് നിർമ്മാണം -കോസ്റ്റ് ഫോർഡ് നാളിതു വരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

പ്രൊജക്ട് നം-199/17

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

ട്രഷറി ബിൽ നം-39/30.3.17 തുക-349200/-

ഗവ.എൽ.പി.സ്കൂൾ, പി.എച്ച്.സി, വെറ്ററിനറിഎന്നിവിടങ്ങളിൽ കമ്പോസ്റ്റ് പിറ്റ് നിർമ്മാണത്തിനായി വികസനഫണ്ടിൽ നിന്നും 860000/- രൂപയും തനത് ഫണ്ടിൽ നിന്നും 886000/- രൂപയും ഉൾപ്പെടെ ആകെ 1746000/- രൂപ വകയിരുത്തി തയ്യാറാക്കിയ പ്രൊജക്ടാണ് ഇത്. ഒരു ഇൻസിനറേറ്റർ (എയറോബിക് കമ്പോസ്റ്റ് പിറ്റ്) ന് 291000/- രൂപ കണക്കാക്കി 6 എണ്ണം സ്ഥാപിക്കുന്നതിനാണ് തുക വകയിരുത്തിയത്. ആദ്യ ഗഡുവായി മേൽ ബിൽ പ്രകാരം നൽകിയ തുക കോസ്റ്റ് ഫോർഡിന് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ ആറെണ്ണം ഏതെല്ലാം സ്ഥലങ്ങളിലാണ് സ്ഥാപിക്കുന്നതെന്ന വിവരം ഫയലിൽ ലഭ്യമല്ല.

1.11.17 ൽ 2016-17 സാമ്പത്തികവർഷത്തെ ഓഡിറ്റിന്റെ ഭാഗമായി നടന്ന സ്ഥലപരിശോധനയിൽ പി.എച്ച്.സി കോമ്പൗണ്ടിൽ ഒരുഷെഡ് നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചതായി കണ്ടു. ബാക്കി സ്ഥലങ്ങളിൽ പ്രവൃത്തി ആരംഭിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല. പ്രവൃത്തി ആരംഭിച്ചിട്ടില്ലെങ്കിൽ ആയത് ആരംഭിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 3-30 കുടിവെള്ള പദ്ധതികൾ - ലക്ഷ്യം കൈവരിച്ചിട്ടില്ല - ചെലവ് തടസ്സപ്പെട്ടുത്തുന്നു.

2016-17 സാമ്പത്തിക വർഷം പുന്നയൂർ ഗ്രാമപഞ്ചായത്ത് കുടിവെള്ള പദ്ധതികൾക്കായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ, പ്രോജക്ടിന്റെ | അടങ്കൽ | ബിൽ നമ്പർ/വൗച്ചർ നമ്പർ | ചെലവ് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|

| | പേര് | | | | |
|---|---|---|---|---|---|
| 1 | 75/17(SO), ചുക്കബസാർ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 4,00,000 | 41/16-17 തീയതി,31-3-17, | 4,00,000/- | അസി. എഞ്ചിനീയർ. |
| 2 | 09/17,എസ്.സി വനിതാ മിനി വ്യവസായ കേന്ദ്രത്തോട് ചേർന്ന കുരഞ്ഞിയൂർ എസ്.സി കുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ നീട്ടൽ | 200000 | വൗച്ചർ നമ്പർ 21600535 തീയതി 7.10.16 | 183107 | അസി. എഞ്ചിനീയർ. |
| 3 | 109/17, കുരഞ്ഞിയൂർ എസ്.സി ലക്ഷം വീട് കോളനി കുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ നീട്ടൽ | 350000 | ട്രഷറി ബിൽ നം. 3/16-17 തീയതി 23.3.17 | 283273 | അസി. എഞ്ചിനീയർ. |
| | ആകെ | | | 866380 | |

പി.എച്ച്.സി. കോമ്പൗണ്ടിലെ ചുക്കബസാർ കുടിവെള്ള പദ്ധതിയിൽ ഓവർഹെഡ്ഡ് വാട്ടർ ടാങ്കിന്റെ പ്രവൃത്തി ജില്ലാ പഞ്ചായത്തും, പൈപ്പ് ലൈൻ പ്രവൃത്തി പഞ്ചായത്തും പൂർത്തീകരിച്ചു. എന്നാൽ മോട്ടോർ, ഇലക്ട്രിഫിക്കേഷൻ എന്നിവ ജില്ലാ പഞ്ചായത്ത് നടത്തിയിട്ടില്ല.

എസ്.സി. വനിതാ മിനി വ്യവസായ കേന്ദ്രത്തോടു ചേർന്ന് കുരഞ്ഞിയൂർ എസ്.സി. കോളനി കുടിവെള്ള പദ്ധതിക്കായി ഓവർഹെഡ്ഡ് വാട്ടർ ടാങ്ക്, മോട്ടോർ ഷെഡ്ഡ് എന്നിവ തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ജല സ്രോതസ്സ് പൊതു കിണറിൽ നിന്നായതിനാൽ ജലലഭ്യത കുറവാണ്. മോട്ടോർ, ഇലക്ട്രിഫിക്കേഷൻ എന്നിവ പൂർത്തിയാക്കിയിട്ടില്ല.
പുന്നയൂർ ഗ്രാമപഞ്ചായത്ത് 2016-17 ൽ പ്രൊജക്ട് നം.15/17 പ്രകാരം കുരഞ്ഞിയൂർ എസ്.സി ലക്ഷംവീട് കോളനിയിൽ ബോർവെൽ, പൈപ്പ് ലൈൻ എക്സ്റ്റൻഷൻ എന്നിവയ്ക്ക് 300000/- രൂപ വകയിരുത്തിയെങ്കിലും പ്രൊജക്ട് നടപ്പാക്കിയില്ല. അതേ സമയം പ്രൊജക്ട് നം. 109/17 പ്രകാരം കുരഞ്ഞിയൂർ എസ്.സി ലക്ഷംവീട് കോളനി കുടിവെള്ളപദ്ധതിക്ക് പൈപ്പ് ലൈൻ നീട്ടൽ 350000/- രൂപ വകയിരുത്തി 283273/- രൂപ ചെലവഴിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കുകയും ചെയ്തു.

ജലലഭ്യത കുറവും, മോട്ടോർ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ നടപ്പാക്കാതെയും പൈപ്പ് ലൈൻ സ്ഥാപിക്കൽ മാത്രം നടപ്പാക്കിയതു വഴി യഥാർത്ഥത്തിൽ കുടിവെള്ള പദ്ധതി കൊണ്ട് പൊതുജനങ്ങൾക്ക് യാതൊരു പ്രയോജനവും ഉണ്ടായിട്ടില്ല.

കുടിവെള്ള പദ്ധതികൾ നാളിതുവരെ പ്രവർത്തനക്ഷമമായിട്ടില്ല. പദ്ധതികൾ ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ ടി പദ്ധതികൾക്കായി 2016-17 സാമ്പത്തിക വർഷം ചെലവഴിച്ച 866380/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-31 മരാമത്ത് പ്രവൃത്തികൾക്ക് ബിറ്റുമിൻ വാങ്ങി നൽകൽ - അപാകതകൾ.

പുന്നയൂർ ഗ്രാമ പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തിൽ വിവിധ റോഡ് പ്രവർത്തികൾക്കായി ബിറ്റുമിൻ വാങ്ങി നൽകിയിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ Cost of Bitmen നു വേണ്ടി ട്രഷറി ബിൽ നമ്പർ 9/16-17 മുതൽ 34/16-17 വരെ തീയതി 25-3-17 പ്രകാരം 19,37,669/- രൂപ പിൻവലിച്ചിട്ടിണ്ട്.

25 പ്രവൃത്തികൾക്കായി ടാർ വാങ്ങുന്നതിന് പ്ളാൻ ഫണ്ടിൽ നിന്നും 19,37,669/- രൂപ പിൻവലിച്ച് സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചതിൽ 19,04,228/- രൂപ പെട്രോളിയം കമ്പനികൾക്ക് കൈമാറിയിട്ടുണ്ട്. (HPCL – 12,06,954/-, HINCOL – 6,97,274/-). ആവശ്യത്തിൽ കൂടുതൽ തുക പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ച് സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചതിൽ ബാക്കിയുള്ള തുക 33,441/- രൂപയും (19,37,669 – 19,04,228), തനത് ഫണ്ടിൽ നിന്ന് 13,259/- രൂപയും ഉൾപ്പെടെ 46,700/- രൂപ കൺവയൻസ് ചാർജ്ജ് ഇനത്തിൽ Trnscare Logistics എന്ന സ്ഥാപനത്തിന് കൈമാറുകയും ചെയ്തു.

വാഹനക്കൂലി, കയറ്റിറക്ക കൂലി തുടങ്ങിയവ ആദ്യ ഘട്ടത്തിൽ തദ്ദേശ സ്ഥാപനം വഹിക്കുകയും പിന്നീട് കരാറുകാരുടെ ബില്ലിൽ നിന്നും കുറവു വരുത്തുകയും ചെയ്യേണ്ടതാണ്. ഇതു സംബന്ധിച്ച് നടത്തിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 08/16-17, തീയതി 27-10-2017) ലഭ്യമാക്കിയ മറുപടിയിൽ 25 പ്രവൃത്തികളിൽ മൂന്നു പ്രവൃത്തികളുടെ ഫൈനൽ ബില്ല് മാത്രമെ നൽകിയിട്ടുള്ളു എന്നും, ടി പ്രവൃത്തികളിൽ നിന്നും ആയവ കുറവു വരുത്തിയിട്ടുണ്ടെന്നും അറിയിച്ചു. മുഴുവൻ പ്രവൃത്തികളുടെയും ബില്ലിൽ നിന്നും കൺവയൻസ്, കയറ്റിറക്ക കൂലി എന്നിവ കുറവ് ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും ബില്ലുകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

# 3-32 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് നാളിതുവരെ ലഭ്യമായിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ :മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

പ്രോജക്ട് നം. 80/17

ചെക്ക് നം 0308400/21.3.17 തുക 100000

പദ്ധതി പ്രകാരം ഹോംകോയുടെ പ്രോഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ( PF 351/3.11.16) മേൽ ചെക്ക് പ്രകാരം തുക പിൻവലിച്ച് സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ

മരുന്ന് നാളിതുവരെയായി ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാകുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-33 സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം-അപാകതകൾ

2016-17 സാമ്പത്തികവർഷം സാധുക്കളായ വിധവകളുടെ വിവാഹധനസഹായം ട്രഷറി ബിൽ നം.31/29.3.17 പ്രകാരം 780000/- രൂപ 26 ഗുണഭോക്താക്കൾക്ക് അക്കൗണ്ട് ട്രാൻസ്ഫർ ആയി അനുവദിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1.)അധിക തുക അനുവദിച്ചു

സഫിയ, കളൂർ ഹൗസ് എന്നവരുടെ മകൾ റഷീദയുടെ വിവാഹം വിവാഹസർട്ടിഫിക്കറ്റ് നം.3445/2014 തിയതി.10.7.14 പ്രകാരം 13.5.12 ൽ നടന്നിട്ടുള്ളതാണ്. ജി.ഒ (പി)76/12/SJP തീയതി 26.12.12 പ്രകാരം 20000/- രൂപയും, ജി.ഒ(പി) 339/13 ഫിൻ .തിയതി 12.7.13 പ്രകാരം 1.4.13 മുതൽ 30000/- രൂപയുമാണ് വിവാഹധനസഹായമായി അനുവദിക്കാവുന്നത്. ആയതിനാൽ തന്നെ 13.5.12 ൽ നടന്ന വിവാഹത്തിന് 10000/- രൂപ മാത്രമാണ് അനുവദിക്കാവുന്നത്. അധികമായി അനുവദിച്ച ധനസഹായം തിരികെ ഈടാക്കേണ്ടതാണ്.

2)കൈപ്പറ്റ് രസീതി ഹാജരാക്കിയിട്ടില്ല.

സാധുക്കളായ വിധവകളുടെ വിവാഹധനസഹായം അക്വിറ്റൻസ് രജിസ്റ്റർ പ്രകാരം 26 ഗുണഭോക്താക്കളിൽ 5 പേർ മാത്രമാണ് തുക കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുള്ളത്. ബാക്കി 21 ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീതി ഹാജരാക്കേണ്ടതാണ്. കൈപ്പറ്റ് രശീതി ഹാജരാക്കുന്നതുവരെ 21 ഗുണഭോക്താക്കൾക്കായി ചെലവഴിച്ച 6,30,000/- രൂപ തടസ്സപ്പെടുത്തുന്നു.

3) അക്കൗണ്ട് നമ്പർ തെറ്റായി രേഖപ്പെടുത്തി

പുന്നയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 9/5/17 ലെ നം.A2-911/17 കത്തു പ്രകാരം ചാവക്കാട് സബ് ട്രഷറി ഓഫീസിൽ സമർപ്പിച്ച ഗുണഭോക്തൃലിസ്റ്റിൽ 8 പേരുടെ അക്കൗണ്ട് നമ്പർ തെറ്റായി രേഖപ്പെടുത്തിയതിനാൽ നാളിതുവരെ ഗുണഭോക്താക്കൾ തുക ലഭിച്ചിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളുടെ പേരുവിവരം ലഭ്യമല്ല. ഗുണഭോക്തക്കളുടെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്ത രേഖകളോടൊപ്പം കൈപ്പറ്റ് രസീതി ഹാജരാക്കേണ്ടതാണ്.

# 3-34 പ്രത്യേക കന്നുകുട്ടിപരിപാലന പദ്ധതി-പദ്ധതിയിൽ നിന്നും ഒഴിവായ ഗുണഭോക്താക്കളുടെ വിഹിതം തിരികെ ഈടാക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ

പ്രൊജക്ട്.നം-25/17

ട്രഷറിബിൽ.നം-7/16-17 തി.27.3.17 തുക-625000/-

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 7.3.17 ലെ1(3) നം തീരുമാനപ്രകാരം പഞ്ചായത്ത് സി.ഡി.എസ് കമ്മറ്റി പദ്ധതി ഏറ്റെടുക്കാനും, 7ാംവാർഡ് എ.ഡി.എസ് കമ്മറ്റി നിർവ്വഹണം നടത്താനും കരാറിൽ ഏർപ്പെടാനും തീരുമാനിച്ചു. 50 ഗുണഭോക്താക്കൾക്കുള്ള വിഹിതമായി വികസനഫണ്ടിൽ നിന്നും മേൽപ്രകാരം തുക പിൻവലിച്ച് എസ്.എൽ.ബി.പി ഡെപ്യൂട്ടിഡയറക്ടർക്ക് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന അനുവദിച്ചിട്ടുണ്ട്.(A/C no.71301140000034).

ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുത്ത ഗുണഭോക്താക്കളിൽ എസ്.എൽ.ബി.പി വെറ്ററിനറി സർജൻ കന്നുകുട്ടികളെ പരിശോധിച്ച് അർഹരായ ഗുണഭോക്താക്കളെ അംഗീകരിച്ച് എഡിഎസിനെ തീറ്റവിതരണത്തിനായി ഏൽപ്പിച്ചിട്ടുണ്ട്

1.എസ്.എൽ.ബി.പി യിൽ എൻറോൾ ചെയ്ത 50 ഗുണഭോക്താക്കളിൽ 48 പേർ മാത്രമാണ് എഡിഎസിന്റെ നാൾവഴി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളത്. സൈനബ.എം, മുക്കിലപീടികയിൽ (ടി.എസ്.ആർ./42091), സെയ്തു ഉത്തരപറമ്പിൽ (ടി.എസ്.ആർ./42095) എന്നിവരെ തീറ്റ വിതരണ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. (എസ്.എൽ.ബി.പി ഹാജരാക്കിയ 4/17,5/17,6/17മാസങ്ങളിലെ വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരം ).

2. എസ്.എൽ.ബി.പി യിൽ എൻറോൾ ചെയ്ത 50 ഗുണഭോക്താക്കളിൽ ഉൾപ്പെടാത്ത കുഞ്ഞുമുഹമ്മദ്, നാലകത്ത് എന്ന ഗുണഭോക്താവിന് നാൾ വഴി രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം 4/17 മുതൽ തുടർച്ചയായി തീറ്റവിതരണം നടത്തിവരുന്നു. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത മേൽ ഗുണഭോക്താവിന് അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്. (555x7=3885/-)

3.സ്വർണ്ണലത, ആലി പുരയ്ക്കൽ എന്ന ഗുണഭോക്താവ് 5/17 ലും, അബൂബക്കർ കാഞ്ഞിരപ്പള്ളി എന്ന ഗുണഭോക്താവ് 6/17 ലും മാത്രമാണ് തീറ്റ കൈപ്പറ്റിയിട്ടുള്ളത്. മേൽ ഗുണഭോക്താക്കൾക്കു എസ്.എൽ.ബി.പിയിൽ അടവാക്കിയ തുക അഡ്ജസ്റ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

അപാകതകൾ പരിഹരിച്ച് നാൾവഴി രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതാണ്.

## 3-35 എസ്.സി വനിതാ മിനി വ്യവസായകേന്ദ്രം-പ്രവർത്തനം ആരംഭിച്ചിട്ടില്ല

പ്രൊജക്ട് നം-5/17
നിർവ്വഹണം-സെക്രട്ടറി
ട്രഷറി ബിൽ നം-16/23.2.17 തുക-800000/-
കുരഞ്ഞീയൂർ എസ്.സി ലക്ഷം വീട് കോളനിയിൽ നിർമ്മിതി കേന്ദ്രം പണിതീർത്ത കെട്ടിടമാണിത്. 2016-17 സാമ്പത്തികവർഷത്തിൽ 800000/- രൂപ ഉൾപ്പെടെ ആകെ 21 ലക്ഷം രൂപ ഈ കെട്ടിടനിർമ്മാണത്തിനായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. 11.1.17 ൽ നിർമ്മിതി കേന്ദ്രം കംപ്ലീഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ 1.11.17 ൽ 2016-17 സാമ്പത്തികവർഷത്തെ ഓഡിറ്റിന്റെ ഭാഗമായി നടന്ന സ്ഥലപരിശോധനയിൽ കെട്ടിടം പ്രവർത്തനസജ്ജമായിട്ടില്ല എന്നു കാണുകയുണ്ടായി. കെട്ടിടത്തിന്റെ ഫ്ലോറിംഗ് പ്രവൃത്തികൾ ഉൾപ്പെടെയുള്ള പ്രവൃത്തികൾ ഇനിയും പൂർത്തീകരിക്കാനുണ്ട്. കെട്ടിടം പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 3-36 കുരഞ്ഞിയൂർ ശ്മശാനത്തിന്റെ അറ്റകുറ്റപണികൾ-പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

ട്രഷരി ബിൽ നം-40/30.3.17 തുക-300000/-

കുരഞ്ഞിയൂർ ശ്മശാനത്തിൽ ഗ്യാസ് ക്രിമിറ്റോറിയം പണിയുന്നതിന്റെ ഭാഗമായി ശ്മശാനത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 7.3.17 ലെ 1(2)നം. തീരുമാനപ്രകാരവും, സെക്രട്ടറിയുടെ 10.3.17 ലെ എ6-636/17 കത്തുപ്രകാരം കോസ്റ്റ് ഫോർഡിൽ നിന്നും എസ്റ്റിമേറ്റ് ആവശ്യപ്പെടുകയും, ബോർവെൽ, പമ്പ് & പമ്പ് ഹൗസ്, എയറോബിക് ബിൻ, ഫ്രണ്ട് ഗേറ്റ്, വാച്ച്മാൻ കാബിൻ, കോമ്പൗണ്ട് വാൾ, മുതലായവ ഉൾപ്പെടുത്തി 1500000/- രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കുകയും ചെയ്തു. എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 20% തുകയായ 300000/- രൂപ അഡ്വാൻസായി കോസ്റ്റ് ഫോർഡിന് നൽകുകയും ചെയ്തു. 1.11.17 ൽ 2016-17 സാമ്പത്തികവർഷത്തെ ഓഡിറ്റിന്റെ ഭാഗമായി നടന്ന സ്ഥലപരിശോധനയിൽ കുരഞ്ഞിയൂർ ശ്മശാനത്തിന്റെ അറ്റകുറ്റപണികൾ നാളിതുവരെ ആരംഭിച്ചിട്ടില്ല എന്നു വ്യക്തമായി. പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 3-37 വിവിധ പ്രൊജക്ടുകളുടെ നിർവ്വഹണത്തിന് തുക കൈമാറി-വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമായില്ല

നിർവ്വഹണം-സെക്രട്ടറി

2016-17 സാമ്പത്തികവർഷം വിവിധ പ്രൊജക്ടുകളുടെ നിർവ്വഹണത്തിന് വിവിധ സ്ഥാപനങ്ങൾക്ക് കൈമാറിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം | പ്രൊജക്ടിന്റെ പേര് | ട്രഷറി ബിൽ നം | തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|---|
| 1 | 35/17 | സാമൂഹ്യസുരക്ഷാമിഷന് തുക നൽകൽ-ഡയറക്ടർ, സാമൂഹ്യ സുരക്ഷാമിഷന് നൽകിയത് | 9/16.1.17 | 75000 | വിനിയോഗസാക്ഷ്യപത്രം |
| | | | 17/28.2.17 | 175000 | കൈപ്പറ്റ് രസീതി, വിനിയോഗസാക്ഷ്യപത്രം |
| 2 | 113/17 | ഐ.കെ.എം ന് തുക നൽകൽ-എക്സിക്യൂട്ടിവി ഡയറക്ടർ, ഐ.കെ.എം, | 15/28.2.17 | 83112 | കൈപ്പറ്റ് രസീതി |

| | | | | | |
|---|---|---|---|---|---|
| | | തിരുവനന്തപുരം | | | |
| 3 | 70/17 | എബിസി പ്രോഗ്രാം-സെക്രട്ടറി ജില്ലാ പഞ്ചായത്ത് | 18/28.2.17 | 75000 | കൈപ്പറ്റ് രസീതി, വിനിയോഗസാക്ഷ്യപത്രം |
| 4 | 129/17 | കാജാകമ്പനി,ആദം റോഡ് എന്നിവിടങ്ങളിൽ സ്ട്രീറ്റ് ലൈൻവലിക്കലും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കലും-കെ.എസ്.ഇ.ബി, പൂന്നയൂർ | 23/6.3.17 | 47970 | കൈപ്പറ്റ് രസീതി, പ്രവ്വത്തിപൂർത്തീകരണം, വിനിയോഗസാക്ഷ്യപത്രം |
| | | | ആകെ | 456082 | |

പ്രവൃത്തിപൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കുന്നതുവരെ ചെലവുതുക 456082/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-38 തെരുവു വിളക്ക് റിപ്പയർ-രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

2016-17 ൽ തെരുവു വിളക്ക് റിപ്പയർ ഇനത്തിൽ ശ്രീ.ടി.വി.വിശ്വംഭരൻ,തട്ടാരപുരയ്ക്കൽ എന്നവർക്ക് തനത് ഫണ്ടിൽ നിന്നും വൗച്ചർ നം.21600870/27.2.17 പ്രകാരം (ചെക്ക് നം.142512/27.2.17) 9666/- രൂപ അനുവദിച്ചിട്ടുണ്ട്. 23.2.16 ലെ ടെണ്ടർ മുഖേന കരാറുകാരനെ ഏൽപ്പിച്ച പ്രവൃത്തിക്ക് 28.3.16 ൽ എഗ്രിമെന്റ് വെച്ചിട്ടുണ്ട്. അപാകതകൾ താഴെ കൊടുക്കുന്നു.

1.ഓരോ വാർഡിലും നിലവിലുള്ള പോസ്റ്റുകളിലുള്ള വിളക്കുകളുടെ ഇനം രേഖപ്പെടുത്തിയ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

2.തെരുവുവിളക്ക് റിപ്പയറിംഗുമായി ബന്ധപ്പെട്ട് പരാതി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

3.തെരുവു വിളക്ക് സാമഗ്രികൾക്ക് മാത്രമായി സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ഓരോ ഇനത്തിന്റെയും മുൻബാക്കി, നീക്കിബാക്കി എന്നിവ രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.

4.28.3.16 ൽ കരാറിൽ ഏർപ്പെട്ടെങ്കിലും കരാറിൽ വ്യവസ്ഥകളൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. കരാർ കാലയളവും രേഖപ്പെടുത്തിയിട്ടില്ല.

5. KREWS ന്റെ ഇൻവോയ്സ് നം.20/16-17 തിയതി.9.5.16 പ്രകാരം 2,18,208/- രൂപയ്ക്ക് തെരുവുവിളക്ക് സാമഗ്രികൾ വാങ്ങിയിട്ടുണ്ട്. റിപ്പയറിംഗിനായി കരാറുകാരനെ ഏൽപ്പിച്ച സാമഗ്രികളുടെ എണ്ണവും റിപ്പയർ ചെയ്തതായി വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയ എണ്ണവും പൊരുത്തപ്പെടുന്നില്ല.

KREWS ന്റെ ഇൻവോയ്സ് നം.20/16-17 തിയതി.9.5.16 പ്രകാരം 2,18,208/- രൂപയ്ക്ക് തെരുവുവിളക്ക് സാമഗ്രികൾ വാങ്ങിയതിൽ 36/40 W Tube lightന്റെ എണ്ണം 500 ആണ്. 1 മുതൽ 20 വരെയുള്ള വാർഡുകളിലേക്ക് കരാറുകാരൻ ആവശ്യപ്പെട്ടതു പ്രകാരം 36/40 W Tube lightനൽകിയതായി രേഖപ്പെടുത്തിയത് 516 എണ്ണമാണ്. എന്നാൽ 6/16,7/16,8/16 മാസങ്ങളിൽ തെരുവുവിളക്കുകൾ

റിപ്പയർ ചെയ്തതായി വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയ 36/40 W Tube light 330 എണ്ണം ആണ്. ഇപ്രകാരം കണക്കുകൾ പൊരുത്തപ്പെടാത്തതിന് കൃത്യമായ വിശദീകരണം ലഭ്യമാക്കാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല.(ഓഡിറ്റ് എൻക്വയറി നം.19/28.10.17). അധികമായി അനുവദിച്ച ട്യൂബ് ലൈറ്റുകൾ തിരികെ ഗ്രാമപഞ്ചായത്തിൽ ഏൽപ്പിച്ചതിന് രേഖയില്ല.

6.കരാറുകാരന് അനുവദിച്ച തുകയിൽ നിന്നും വാറ്റ് 4%-4113/-, ഇൻകം ടാക്സ്1%-1028/-, KCWWF 1%-1028/- എന്നിവ ഈടാക്കിയിട്ടുണ്ട്. എന്നാൽ മേൽതുകകൾ അതാത് വകുപ്പുകളിൽ അടവാക്കിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

തെരുവുവിളക്ക് റിപ്പയർ തൃപ്തികരമായി പൂർത്തീകരിച്ചതിനാൽ കരാറുകാരന് ഇ.എം.ഡി തുക 10000/- രൂപ വൗച്ചർ നം.21600916/8.3.17 പ്രകാരം തിരികെ നൽകിയിട്ടുണ്ട്. കരാറുകാരന് സാമഗ്രികൾ ഏൽപ്പിച്ചതിൽ റിപ്പയറിംഗിനായി ഉപയോഗിക്കാത്തവ തിരികെ ഗ്രാമപഞ്ചായത്തിൽ ഏൽപ്പിച്ച രേഖകൾ ഹാജരാക്കേണ്ടതും, രജിസ്റ്ററുകൾ തയ്യാറാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

## 3-39 റോഡ് മെറ്റലിംഗ് ടാറിംഗ്, പഞ്ചായത്ത് ഓഫീസ് നവീകരണം - തുടർ പ്രവർത്തികൾ ആരംഭിച്ചിട്ടില്ല.

2016-17 സാമ്പത്തിക വർഷം മൂല്യനിർണ്ണയം നടത്തി പണം നൽകിയ (First & Part Bill) മരാമത്ത് പ്രവൃത്തികളുടെ തുടർ പ്രവൃത്തികൾ നാളിതുവരെ ആരംഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ/പ്രോജക്ടിന്റെ പേര് | അടങ്കൽ | ട്രഷറി ബിൽ നമ്പർ, തീയതി | ചെലവ് | കരാറുകാരൻ |
|---|---|---|---|---|---|
| 1 | 98/17 പഴന്നാംകുളം റോഡ് മെറ്റലിംഗ് ടാറിംഗ് | 3,40,000 | 38/16-17 dt. 31-3-17 | 1,14,317 | വിജയൻ.കെ.എ |
| 2 | 97/17 സി.എച്ച്.റോഡ് 1 മെറ്റലിംഗ്, 2nd മെറ്റലിംഗ് & ടാറിംഗ് | 3,90,000 | 43/16-17 dt. 31-3-17 | 1,19,369 | അഷ്കർ. എം.പി |
| 3 | 136/17 പഞ്ചായത്ത് ഓഫീസ് ഹാൾ, | 4,00,000 | 45/16-17 dt. | 84,934 | വിജയൻ.കെ.എ |

| | | | | | |
|---|---|---|---|---|---|
| | ഫ്രണ്ട് ഓഫീസ് നവീകരണം | | 31-3-17 | | |
| | | | ആകെ | 3,18,620 | |

മേൽ പറഞ്ഞ പ്രകാരം First & Part Bill ആയി 3,18,620/- രൂപ കരാറുകാർക്ക് അനുവദിച്ചിട്ടുണ്ട്. തുടർ പ്രവൃത്തികൾ ഇനിയും ആരംഭിച്ചിട്ടില്ല. പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കേണ്ടതും കാലതാമസത്തിന് കരാർ പ്രകാരമുള്ള ഫൈൻ ഈടാക്കേണ്ടതുമാണ്.

## 3-40 പി.എച്ച്.സി യുടെ അറ്റകുറ്റ പണി- അപാകതകൾ.

പ്രോജക്ട് നമ്പർ - 137/17.

അടങ്കൽ - 5,17,050/-

ട്രഷറി ബിൽ നമ്പർ - 37/16-17 തീയതി - 31-3-17

ചെലവ് - 2,87,487/- (Part Bill)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ.

കരാറുകാരൻ - സന്തോഷ് ജാക്ക്.

കരാർ നമ്പർ - 37/AE/LSGD/PNR/16-17 തീയതി - 20-03-17

മേൽ പറഞ്ഞ പ്രവൃത്തിയുടെ ഫയൽ, എം. ബുക്ക് എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ടെണ്ടർ നടപടികളുടെ രേഖകൾ ഫയലിൽ ലഭ്യമല്ല.

2. എസ്റ്റിമേറ്റ് റിപ്പോർട്ട് ഇല്ല.

3. കരാറുകാരന് കരാർ ഉറപ്പിച്ചു നൽകിയതിന്റെ രേഖകൾ ഫയലിൽ ഇല്ല.

4. കരാറുകാരനുമായി 20-3-17 ന് കരാറിൽ ഏർപ്പെട്ടിട്ടുള്ളതിന്റെ ഉടമ്പടി പത്രിക മാത്രമെ ഫയലിൽ സൂക്ഷിച്ചിട്ടുള്ളൂ. വർക്ക് ഓർഡർ നൽകിയതിന്റെയും, സ്ഥലം കൈമാറിയതിന്റെയും രേഖകൾ ഇല്ല.

രേഖകൾ പരിശോധനക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടതിനെ തുടർന്ന് (എൻക്വയറി നമ്പർ 09/16-17 തീയതി - 27-10-2017) ടി പ്രവൃത്തിയുടെ ടെണ്ടർ നടപടി സംബന്ധിച്ച രേഖകൾ ഉൾപ്പെടെയുള്ള രേഖകൾ ഹാജരാക്കുകയുണ്ടായി. ഓഡിറ്റിന് ഹാജരാക്കുന്ന ഫയലിനോടൊപ്പം എല്ലാ അടിസ്ഥാന രേഖകളും സൂക്ഷിക്കേണ്ടതാണ്.

എസ്റ്റിമേറ്റിലെ ഇനം 1, 2, 8 എന്നിവ പൂർത്തീകരിച്ചതിന്റെ പാർട്ട് ബിൽ കരാറുകാരന് നല്കിയിട്ടുണ്ട്. അളവു പുസ്തകത്തിലെ രേഖപ്പെടുത്തലുകൾ (Last Measurement date) പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചത് 24-3-2017 നാണ്. 20-3-2017 ന് കരാറിൽ ഏർപ്പെട്ട പ്രവൃത്തി 3 ദിവസംകൊണ്ട് പൂർത്തിയാക്കി. ആയതിന്റെ നിജസ്ഥിതി പരിശോധിച്ചുറപ്പുവരുത്തുന്നതിനായി അസി.എഞ്ചിനീയർ, ഓവർസീയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല

പരിശോധനയിൽ ടി പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുള്ളതായി ബോദ്ധ്യപ്പെട്ടു. അറ്റകുറ്റപ്പണികളുടെ തുടർ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ല. അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 3-41 ഇ-ടെണ്ടറുകളിൽ ആരും പങ്കെടുത്തില്ല.

സ.ഉ.(പി) നം. 542/15/ധന. തീയതി 17-11-2015 പ്രകാരം 5 ലക്ഷം രൂപയും അതിനു മുകളിലുള്ള എല്ലാ മരാമത്ത് പ്രവൃത്തികൾക്കും ഇ-ടെണ്ടർ ബാധകമാക്കിയിട്ടുണ്ട്. 2016-17വർഷത്തിൽ പുന്നയൂർ ഗ്രാമപഞ്ചായത്തിൽ 5 ലക്ഷം രൂപ മുതൽ അടങ്കൽ നിശ്ചയിച്ച ഒരു പ്രവൃത്തിക്കായി ഇ ടെണ്ടർ നടത്തിയെങ്കിലും ആരും പങ്കെടുത്തില്ല.

സാമ്പത്തിക വർഷം 5 ലക്ഷത്തിൽ താഴെ അടങ്കലുള്ള മരാമത്ത് പ്രവൃത്തികളിൽ എല്ലാ പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ ഉറപ്പിച്ചു നൽകുകയാണ് ഉണ്ടായത്.

ടെണ്ടറുകളിൽ കൂടുതൽ കരാറുകാരെ പങ്കെടുപ്പിച്ച് മൽസരം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

## 3-42 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-മെറ്റീരിയൽ പർച്ചേസ്-നിയമാനുസൃത നികുതികൾ ഈടാക്കിയില്ല

2016-17 സാമ്പത്തികവർഷം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വിവിധ വാർഡുകളിലെ കിണർ നിർമ്മാണം ഉൾപ്പെടെ 21 പ്രവൃത്തികൾ മെറ്റീരിയൽ ഉപയോഗിച്ച് നടപ്പാക്കിയിട്ടുണ്ട്. ടെണ്ടർ ഷെഡ്യൂൾ, ടെണ്ടർ രജിസ്റ്റർ എന്നിവയിലെ രേഖപ്പെടുത്തൽ പ്രകാരം എസ്റ്റിമേറ്റ് നിരക്ക് രേഖപ്പെടുത്തിയ കരാറുകാരന് മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിനുള്ള കരാർ ഏൽപ്പിച്ചിട്ടുണ്ട്. മെറ്റീരിയൽ പ്രച്ചേസുകളിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട നികുതികൾ ഒന്നും തന്നെ ഈടാക്കാതെ പ്രവൃത്തി സ്ഥലത്ത് ആവശ്യാനുസരണം ഇറക്കി നൽകിയ മെറ്റീരിയൽസിന്റെ വില മുഴുവനായി കരാറുകാർക്ക് അനുവദിച്ചു നൽകുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ മെറ്റീരിയൽ സപ്ലൈ ചെയ്തതിന് യാതൊരു ബില്ലുകളും കരാറുകാർ ഹാജരാക്കിയിട്ടില്ല.

ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| പ്രവൃത്തി | റോഡിന്റെ നീളം | കരാറുകാരൻ | എം.ബി നം | സപ്ലൈ ചെയ്ത മെറ്റീരിയലിന്റെ വില |
|---|---|---|---|---|
| നീലം കുളം റോഡ് കോൺക്രീറ്റ് നടപ്പാത നിർമ്മാണം | 95m | കെ.എ.വിജയൻ | 169/16-17 | 377002 |
| എൻ.എച്ച്.ജുമാമസ്ജിദ് പള്ളി കാട്ടിലപ്പള്ളി ഒറ്റയിനി ലിങ്ക് റോഡ് കോൺക്രീറ്റ് നടപ്പാത നിർമ്മാണം | 104m | അസ്കർ,കുന്നമ്പത്ത് | 217/16-17 | 383021 |

| | | | | |
|---|---|---|---|---|
| കാജാ കമ്പനി എസ്റ്റേറ്റ് കുഞ്ഞാമു സഹിബ് റോഡ് കോൺക്രീറ്റിംഗ് | 55m | കെ.എ.അശോകൻ,കുളങ്ങര | 207/16-17,228/16-17 | 380319 |
| തെങ്ങുംപുള്ളി അമ്പലം കോൺക്രീറ്റ് നടപ്പാത നിർമ്മാണം | 50m | അസ്കർ,കുന്നമ്പത്ത് | 173/16-17 | 197611 |
| പതിയേരികടവ് ലിങ്ക് നടപ്പാത | 118m | അസ്കർ,കുന്നമ്പത്ത് | 215/16-17 | 386595 |

2016-17 സാമ്പത്തികവർഷം നടപ്പാക്കിയ പ്രവൃത്തികളിൽ നിന്നും നിയമാനുസൃതമായ നികുതി ഈടാക്കി അതാത് വകുപ്പുകളിൽ അടവാക്കിയ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 225000 | മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 194699 | 30301 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 200000 | സ്കോളർഷിപ്പ് | 200000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം/ തിയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ഇലക്ട്രിക് ലൈൻ വലിക്കൽ | 230500702/1-12-16 | 19200 | nil | 19200 |
| കെ.എസ്.ഇ.ബി | ഇലക്ട്രിക് ലൈൻ വലിക്കൽ | 21500867/17-2-17 | 48255 | nil | 48255 |

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ഇലക്ട്രിക് ലൈൻ വലിക്കൽ | 21501095/30-3-17 | 37145 | nil | 37145 |
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻഎക്സ്ടെൻഷൻ | 21600932/1-3-17 | 9900 | nil | 9900 |
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻഎക്സ്ടെൻഷൻ | 21500752/21-1-17 | 14625 | nil | 14625 |

ഡെപ്പോസിറ്റ് നല്കിയ തുകയുടെ വിവരങ്ങൾ വാർഷിക കണക്കിൽ B18 ഷെഡ്യൂളിൽ ചേർത്തിട്ടില്ല.

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | 1056/2010/ 26.03.2010 | 11599800 | 2098515 | 1787050 | 184970 | 311465 |

ലോൺ രജിസ്റ്ററിൽ വിവരങ്ങൾ ചേർത്ത് ആധികാരികമാക്കിയിട്ടില്ലാത്തതിനാൽ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരങ്ങളാണ് മുകളിൽ ചേർത്തിട്ടുള്ളത്. ലോൺ രജിസ്റ്റർ കൃത്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തിയ്യതി |
|---|---|---|---|---|
| 87-88 | 2-1 | 750 | വിമലകുമാരി (ബിൽ കളക്ടർ) | 11604104159/10-1-17 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | 4-3-2-12 | 2014-15 | 4.3.12 | മല്ലിക, പുന്നയൂർ ഹൗസ് പുന്നയൂർ എന്നയാൾക്ക് കർഷകത്തൊഴിലാളി പെൻഷൻ രണ്ടു തവണ അനുവദിച്ചു. അധികം നൽകിയത് തിരിച്ചടക്കണം | 4800 രൂപ 11504104874/ 28.03.2016 രശീതി പ്രകാരം തിരികെ ഈടാക്കി 27/29.03.2016 ചലാൻ പ്രകാരം കർഷകത്തൊഴിലാളി പെൻഷൻ ഹെഡിൽ തിരിച്ചടച്ചു. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 52441973 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 46105194 |
| വരവിനങ്ങളിലുള്ള നഷ്ടം | 7699 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 58837 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8923254 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 2119 | - | രവീന്ദ്രൻ. കെ, സെക്രട്ടറി |
| 2-2 | 5580 | - | സയീദബീഗം, സെക്രട്ടറി ഇൻ ചാർജ്ജ് |

| | | | |
|---|---|---|---|
| 3-5 | - | 2200 | സയീദബീഗം, സെക്രട്ടറി ഇൻ ചാർജ്ജ് |
| 3-16 | - | 7752 | ടി.വി.ലിസ്സി എച്ച് എം |
| 3-17 | - | 25000 | ടി.വി.ലിസ്സി എച്ച് എം |
| 3-33 | - | 20000 | സയീദബീഗം, സെക്രട്ടറി ഇൻ ചാർജ്ജ് |
| 3-34 | - | 3885 | ഡോ സഹീർ അബ്ദു വെറ്ററിനറി സർജ്ജൻ |
| ആകെ | 7699 | 58837 | |

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 2810600 | ദീപക് സി ആർ .വി ഇ ഒ |
| 3-4 | 100000 | സയീദബീഗം, സെക്രട്ടറി ഇൻ ചാർജ്ജ് |
| 3-13 | 200000 | ഡോ നിത ടി.ജി, മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| 3-14 | 1100000 | ടി.വി. ലിസ്സി, ഹെഡ് മിസ്ട്രസ് |
| 3-15 | 160000 | ടി.വി. ലിസ്സി, ഹെഡ് മിസ്ട്രസ് |
| 3-16 | 207438 | ടി.വി. ലിസ്സി, ഹെഡ് മിസ്ട്രസ് |
| 3-17 | 325000 | ടി.വി. ലിസ്സി, ഹെഡ് മിസ്ട്രസ് |
| 3-19 | 400000 | ടി.വി. ലിസ്സി, ഹെഡ് മിസ്ട്രസ് |
| 3-20 | 231740 | ടി.വി. ലിസ്സി, ഹെഡ് മിസ്ട്രസ് |
| 3-21 | 44800 | ടി.വി. ലിസ്സി, ഹെഡ് മിസ്ട്രസ് |

| | | |
|---|---|---|
| 3-22 | 180000 | ഡോ.നിത ടി.ജി, മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| 3-23 | 350000 | ഡോ.നിത ടി.ജി, മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| 3-24 | 400000 | സയീദബീഗം, അസി.സെക്രട്ടറി |
| 3-26 | 461214 | രവീന്ദ്രൻ. കെ, സെക്രട്ടറി |
| 3-30 | 866380 | നിഖിൽ രാജ് ,അസിസ്സന്റ് എൻജ്ജിനീയർ |
| 3-33(2) | 630000 | സയീദബീഗം, അസി.സെക്രട്ടറി |
| 3-37 | 75000 | ബിന്ദു.ആർ, സെക്രട്ടറി |
| 3-37 | 381082 | സയീദബീഗം, അസി.സെക്രട്ടറി |
| ആകെ | 8923254 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ് ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| രവീന്ദ്രൻ. കെ, സെക്രട്ടറി | സെക്രട്ടറി വട്ടംകുളം ഗ്രാമപഞ്ചായത്ത് | കളരിക്കൽ വീട് പള്ളപ്പുറം<br>പൊന്നാനി.പി.ഒ, മലപ്പുറം 679 577 |
| സയീദബീഗം, സെക്രട്ടറി ഇൻ ചാർജ്ജ്. | അസി.സെക്രട്ടറി, പുന്നയൂർ ഗ്രാമപഞ്ചായത്ത് | വെളിയിൽ വടക്കതിൽ,പട നോർത്ത് കരുനാഗപ്പള്ളി |
| ടിവി ലിസ്സി ഹെഡ് മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ് പുന്നയൂർ നോർത്ത് | കിടങ്ങൻ ഹൗസ് പൂവ്വത്തൂർ 680508 |

| | | |
|---|---|---|
| ഡോ സഹീർ അബ്ദു വെറ്ററിനറി സർജ്ജൻ | വെറ്ററിനറി സർജൻ പുന്നയൂർ | പുല്ലറക്കത്ത്, വെങ്കിടങ്ങ് തൃശ്ശൂർ |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 65-66മുതൽ 93-94 വരെ | നം.എൽ.എഫ്.ടി.(എസ്2) – 1315/11/ 14-07.2011 |
| 96-97 | നം എൽ എഫ് ടി 17/560 /98/30-08-98 / 31-12-98 |
| 97-98 | നം എൽ എഫ് ടി 13/14/1456 /04-02-05 |
| 98-99 | നം എൽ എഫ് ടി 13/1455 /04/02-05-05 |
| 99-00 | നം എൽ എഫ് ടി 13/1454 /04/02-05-05 |
| 00-01 | നം എൽ എഫ് ടി 13/1453 /04/02-05-05 |
| 01-02 | നം എൽ എഫ് ടി 13/1203 /03/11-05-04 |
| 02-03 | നം എൽ എഫ് ടി 13/1030 /08/31-03-09 |
| 03-04 | നം എൽ എഫ് ടി 13/1031 /08/31-03-09 |
| 04-05 | നം എൽ എഫ് ടി13/1032 /08/31-03-09 |
| 05-06 | നം എൽ എഫ് ടി 13/238 /10/28-01-2011 |
| 07-08 | നം എൽ എഫ് ടി 13/1215 /10/24-02-11 |
| 08-09 | നം എൽ എഫ് ടി 13/1216 /10/,26-02-11/06-09-11 |
| 09-10 | നം എൽ എഫ് ടി പി 4/1094 /12,12-09-12 /5-03-13 |
| 10-11 | നം എൽ എഫ് ടി പി 4/1095 /12,12-09-12 /05-03-13 |

| | |
|---|---|
| 11-12 | നം എൽ എഫ് ടി പി 8/195/1407-02-14 / 08-04-14 |
| 12-13 | നം എൽ എഫ് ടി പി 8/1761 /1410-06-15 /3-08-15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ. (പി8)1180/16/15.2.16/8.3.16 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ. (പി8)1227/2016, 24.07.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ. (പി8)6/2017, 27.01.2017 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-1

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-ടി.എസ്.ആർ.(പി8)1714/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

പിൻ 680 020 ഫോൺ- 0487 2331249

dotsr.ksad@kerala.gov.in

തീയതി: 29.11.2017

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ പുന്നയൂർ ഗ്രാമപഞ്ചായത്തിന്റെ 2016- 17 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പുന്നയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ.

No. KSA-TSR(P8)1714/2017

Kerala State Audit Department

District Audit Office, Thrissur

PIN- 680 020 Phone: 0487 2331249

E-mail:dotsr.ksad@kerala.gov.in

Dated: 29.11.2017

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Punnayoor Gramapanchayat in Thrissur District for the year ended on 31-03-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Insittutions.

In my opinion, the Financial Statements of Punnayoor Grama Panchcyat for the year 2016-17 except the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office,

Thrissur.